Clauses 2 to 13

The question that clauses 2 to 13 stand part of the Bill, was put and carried.

Clauses 2 to 13 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): 1979-ലെ കേരള കശുവണ്ടി ഫാക്ടറികൾ ഏറെടുക്കൽ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Education **(Shri C. H. Mohammed Koya)**: Sir, I second it.

The question that the Kerala Cashew Factories (Requisitioning) Bill, 1979, be finally passed, was put and carried.

The Bill was finally passed.

II. 1979-ലെ കേരള മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ ഉദ്യോഗ കാലാവധി ദീർഘിപ്പിക്കൽ) ബിൽ.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, 1979-ലെ കേരള മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ ഉദ്യോഗകാലാവധി ദീർഘിപ്പിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിരമായി നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിദശീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും മേശപ്പുറത്ത് വയ്ക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): ഞാൻ അതിനെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): ഈ സഭയിൽ ഈ സെഷനിൽതന്നെ പലതവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ചോദ്യോത്തരസമയത്ത് വളരെ വിവാദവിഷയവും ആയിട്ടുണ്ട്. അപ്പോഴും ഇതിനെക്കുറിച്ചു വിശദീകരിച്ചിട്ടുണ്ട്. അത് ചർവ്വിത ചർവ്വണം ചെയ്ത് ആവർത്തനവിരുദ്ധമായ ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. ഈ ബിൽ പാസ്സാക്കിത്തരണം എന്ന് ഞാൻ ഈ സഭയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri N. I. Devassykutty: Sir, I move that the Kerala Municipal Councils (Extension of Term of Office of Councillors) Bill, 1979 be circulated for eliciting public opinion till 31st May, 1979.

സർ, ഇതുപോലുള്ള ആറു ബില്ലുകളും ചർച്ചയ്ക്കു വരാൻ പോവുകയാണ്. അതിൽ ഈ ഒരു ബില്ലിന്റെ ചർച്ചയിൽ മാത്രമേ പങ്കെടുത്തു സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നുള്ളു. എല്ലാ ബില്ലുകളിലും ഒരേ രീതിയിലുള്ള പ്രശ്നമാണ് അടങ്ങിയിട്ടുള്ളത്. അതുകൊണ്ട് അതിനാവശ്യമായ സമയം എനിക്കു തരണമെന്ന് അപേക്ഷിക്കുകയാണ്.

സർ, ഈ നിയമനിർമ്മാണത്തിൽ അടങ്ങുന്ന കാര്യങ്ങളെക്കുറിച്ച് പലതവണ ഇവിടെ ചർച്ച നടന്നു, അതുകൊണ്ട് ചർച്ച വിരസമായിരിക്കും, അതുകൊണ്ട് പ്രത്യേക വിശദീകരണമൊന്നും നൽകുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സർ, ഇതിനെക്കുറിച്ചുള്ള ചർച്ച എങ്ങനെയാണ് വിരസമായിരിക്കുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. കാതലായ ഒരു ജനാധിപത്യ തത്വത്തെ കാറ്റിൽ പറത്തുന്ന ഈ പ്രക്രിയ എത്രനാൾ നിങ്ങൾ തുടർന്നു നടത്തുന്നുണ്ടോ അത്രയും കാലം ഇതിനെക്കുറിച്ചു ചർച്ച വിരസമാകുകയില്ല ജനാധിപത്യ വിശ്വാസികൾക്ക്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മുഹമ്മദുകോയ ഏതാനും ദിവസങ്ങൾക്കുമുമ്പാണ് അധികാര വികേന്ദ്രീകരണത്തിനുള്ള ബില്ല്, എല്ലാവരും പാടിപ്പുകഴ്ത്തുന്ന ബില്ല് ഇവിടെ അവതരിപ്പിച്ചു പാസ്സാക്കിയത്. സർ, അദ്ദേഹം ഒരു രാജ്യം ഭരിക്കുന്ന സുൽത്താൻ ആയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കിരീടത്തിൽ ഒരു രത്നംകൂടി ആകുമായിരുന്നു ആ പാസ്സാക്കിയ ബില്ല്. സർ, അദ്ദേഹം ഗ്രന്ഥശാലാ ബില്ല് അവതരിപ്പിക്കാൻ പോകുന്നു. അതും പാസ്സാകുകയാണെങ്കിൽ അത് അദ്ദേഹത്തിന്റെ കിരീടത്തിലെ രണ്ടാമത്തെ രത്നമായിരിക്കും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഇപ്പോൾ വിരസമല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, അങ്ങനെ ശോഭയമാനമായ, ജനാധിപത്യ വിശ്വാസികളായ മുഴുവൻ ജനങ്ങളും ആഗ്രഹിക്കുന്ന ഒരു നിയമനിർമ്മാണം അദ്ദേഹം അവതരിപ്പിച്ചു. ഇനി ഒന്ന് അവതരിപ്പിക്കാൻ പോകുന്നു. അങ്ങനെ ഒരു ഉയർന്ന നിലവാരത്തിൽ നിന്ന് അദ്ദേഹം ഈ ദുർഗന്ധം വമിക്കുന്ന മലിനവസ്തുക്കൾ അടിച്ചുവാരിക്കൊണ്ടുവന്ന്; ഈ നിയമസഭയിൽ ദുർഗന്ധം പരത്തുന്ന മലിനവസ്തുക്കളെ അടിച്ചുവാരുന്ന തൂപ്പുകാരന്റെ നിലയിൽ താണു പോയതിൽ എനിക്ക് ഖേദമുണ്ട്.

സർ, ഈ ബില്ല് ജനാധിപത്യ വിശ്വാസിയായിട്ടുള്ള ഒരു ബഹുമാനപ്പെട്ട മന്ത്രിക്ക് അതിൽ വിശ്വസിക്കുന്ന ഒരു ഗവൺമെന്റിന് അവതരിപ്പിക്കാൻ കൊള്ളാവുന്ന ഒരു ബില്ലല്ല. ഈ ആറു ബില്ലുകളും. ഇതിൽ വളരെ വിചിത്രമായിട്ടുള്ള ഒരു കാര്യം ബഹുമാനപ്പെട്ട മുഹമ്മദുകോയ ഇതെല്ലാം അടിച്ചുവാരിക്കൊണ്ടു വരുമ്പോൾ ചപ്പുചവറുകളുടെ കൂട്ടത്തിൽ ഒന്നു വിട്ടുപോയി. അതുകൊണ്ട് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുന്നേറ്റുനിന്ന് കേരള മുനിസിപ്പൽ കൗൺസിലർ സെക്കന്റ് അമൻറുമെന്റ് ബിൽ അടിച്ചുവാരിയപ്പോൾ വിട്ടുപോയി, അതുംകൂടി ഉൾപ്പെടുത്തണമെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്താണ് ഈ ബില്ല്? എനിക്ക് അതിനെപ്പറ്റി വിവരിക്കാൻ വാക്കുകളും കിട്ടുന്നില്ല. സർ. അതിനുമാത്രം ആക്ഷേപാർഹമായിട്ടുള്ള ഒരു നിയമനിർമ്മാണമായിട്ടാണ് വന്നിരിക്കുന്നത്. ഇവിടെ ഓരോ പ്രാവശ്യവും ഇതു നീട്ടുമ്പോൾ ഓരോ കാരണങ്ങൾ പറഞ്ഞു. അതിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്ന് വളരെയധികം ആക്ഷേപങ്ങൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. ഇനിയും ആവർത്തിച്ചാവർത്തിച്ചു പറയും. സർ, ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും തെരഞ്ഞെടുപ്പുകളും നീട്ടിവച്ചുകൊണ്ട് മന്ത്രിസഭ ഒരു തീരുമാനം എടുത്തതിനുശേഷം അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആൻറണി ഒരു പ്രസ്താവന ചെയ്തു. മന്ത്രിസഭാ തീരുമാനംകഴിഞ്ഞ് പുറത്തുവന്നപ്പോൾ പത്രക്കാർ ചോദിച്ചു, എന്താണ് പഞ്ചായത്ത് തെരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ കാരണം എന്ന്. സർ, ആ ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞ മറുപടി തീർച്ചയായും ജനാധിപത്യചരിത്രത്തിൽ വളരെയധികംകാലം സൂക്ഷിച്ചു വയ്ക്കേണ്ട ഒരു പ്രശ്നമാണ്. അദ്ദേഹം പറഞ്ഞത് ''ഗവൺമെൻറിന് അങ്ങനെ തോന്നി''. വേറൊന്നും പറഞ്ഞില്ല സർ. പഞ്ചായത്തു തെരഞ്ഞെടുപ്പു മാറ്റിവയ്ക്കുന്നതിന് മുഖ്യമന്ത്രി പറഞ്ഞ കാരണം ഗവൺമെൻറിന് അങ്ങനെ തോന്നി. ഗവൺമെൻറിന് അങ്ങനെ തോന്നി എന്നുള്ളതിൽ കവിഞ്ഞ് എന്താണ് അന്ന് ഗവൺമെൻറ് പറഞ്ഞത്. ഒരു കാരണവും പറയാനില്ല. കാരണമെല്ലാം ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. എന്താണ് നിങ്ങൾ പഞ്ചായത്തു തെരഞ്ഞെടുപ്പു നീട്ടിവച്ചത്? ഇവിടെ ആവർത്തിച്ചു പറഞ്ഞതാണ്. നിങ്ങൾ ഒരുകാലത്തും ജനവിധി തേടാൻ തയ്യാറില്ല. അതുകൊണ്ട് നിങ്ങൾ ഓരോ കാരണം പറഞ്ഞ് നീട്ടുന്നു. നിങ്ങൾ ജനവിധി ഭയക്കുന്നു. തിരുവനന്തപുരം ഈസ്റ്റിൽ കയ്പ്പു നിറഞ്ഞ ജനവിധി നിങ്ങൾ തേടി.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിങ്ങൾക്കും?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പ്രതിപക്ഷക്കാരെ അങ്ങനെ പറയേണ്ട. അഞ്ചാറുകക്ഷികൾ ചേർന്നുള്ള ഈ ഭരണമുന്നണിയെ മൂന്നാം സ്ഥാനത്തേക്ക്, അഗണ്യമായ ഒരു സ്ഥാനത്തേക്കു തള്ളിക്കളഞ്ഞപ്പോൾ അഭിമാനമുണ്ടെങ്കിൽ പിന്നെ ഇവിടെ ഇരിക്കുന്നത് ശരിയല്ല. നിങ്ങൾ അപ്പോൾ ജനവിധിയെ സംബന്ധിച്ചു മനസ്സിലാക്കി. ഇന്ന് നാല് ഉപതെരഞ്ഞെടുപ്പുകൾ വരാൻപോകുന്നു. ജനവിധിയെ ഭയപ്പെടുന്നതുകൊണ്ടാണ് നിങ്ങൾ തെരഞ്ഞെടുപ്പു നീട്ടുന്നത്. അതല്ലാതെ വേറൊരു കാരണവുമില്ല. അതുകൊണ്ട് ഇത് നിങ്ങൾ നീട്ടിവെയ്ക്കും

സർ, ഇവിടെ ആദ്യം മുഖ്യമന്ത്രി പറഞ്ഞു ഞങ്ങൾ പഞ്ചായത്തു തെരഞ്ഞെടുപ്പു ജില്ലാ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുംകൂടി ചേർത്ത് ഒന്നിച്ചു നടത്തുമെന്നു പ്രഖ്യാപിച്ചു. അധികദിവസം കഴിയുന്നതിനുമുമ്പു ഇപ്പോൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ ചാർജ്ജു

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറഞ്ഞു, ഞങ്ങൾ സെപ്റ്റംബറിൽ പഞ്ചായത്തു തെരഞ്ഞെടുപ്പ് എങ്ങനെയായാലും നടത്തും, ജില്ലാ കൗൺസിലിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പിനുവേണ്ടി കാത്തുനിൽക്കുകയില്ലെന്ന്. അപ്പോൾ ആദ്യം ഒരു സംശയമുണ്ടായിരുന്നത്, രണ്ടു സംശയമായി വർദ്ധിച്ചു. ആദ്യം പഞ്ചായത്തു തെരഞ്ഞെടുപ്പു നടക്കുകയില്ലെന്ന ഒരു സംശയമേ ഉണ്ടായിരുന്നുള്ളൂ. ഇതുകൂടി പറഞ്ഞപ്പോൾ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പുംകൂടി നടത്തുകയില്ലെന്ന് രണ്ടു സംശയമായി മാറി. അതു കഴിഞ്ഞിട്ട് ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദുകോയ ഈ ബില്ലിന് ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതിൽ ജൂൺ 1979-ൽ തെരഞ്ഞെടുപ്പു നടത്തുമെന്നു പറഞ്ഞതിന് ഒരു ഭേദഗതിയാണ്, 1979 ഒക്റ്റോബറിൽ നടത്തും എന്ന്. ഇങ്ങനെ മാറിമാറി വരുമ്പോൾ ഒരു സംശയം രണ്ടു സംശയമായി വർദ്ധിച്ചു. ഈ ഭേദഗതി കൊണ്ടുവന്നപ്പോൾ സംശയം മൂന്നായി വർദ്ധിച്ചു. സംശയത്തിനതീതമായി സംസ്കരിക്കാൻ ഈ ഗവൺമെൻറ് തയ്യാറല്ല, അതുകൊണ്ട് ഇനിയും പ്രസ്താവനകൾ വരും. നിങ്ങൾ ജനങ്ങളെ നേരിടാൻ ഭയപ്പെടുന്നതുകൊണ്ട് നിങ്ങൾ അനിശ്ചിതമായി തെരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുമെന്ന് ഈ രാജ്യത്തെ ജനങ്ങൾക്കും ഈ സഭയിലെ അംഗങ്ങൾക്കും നല്ല ബോദ്ധ്യമുണ്ട്. അതുകൊണ്ട് ഈ പ്രസ്താവനകൾ കൊണ്ടുമാത്രം ഇതു മുഖവിലയ്ക്കെടുക്കാൻ ഈ രാജ്യത്തെ ജനങ്ങൾ തയ്യാറാകുകയില്ല സർ.

സർ, മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ഒക്കെ തെരഞ്ഞെടുപ്പുകൾ നീട്ടിവച്ചതിന്റെ ബില്ലുകൾ ഇവിടെ ഉണ്ട്. ആയിരത്തോളം വരുന്ന പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പു നീട്ടിവയ്ക്കുന്ന ബില്ല് ബഹുമാനപ്പെട്ട മുഹമ്മദുകോയ ഇവിടെ കൊണ്ടുവന്നിട്ടില്ല. 22 പ്രാവശ്യം പഞ്ചായത്തു തെരഞ്ഞെടുപ്പു നീട്ടിവച്ചു. എന്തുകൊണ്ടു ബില്ലുകൊണ്ടുവന്നില്ല. പഞ്ചായത്തു നിയമത്തിലെ ഈ മെമ്പറൻമാരുടെ കാലാവധിയെ സംബന്ധിച്ചുള്ള വ്യവസ്ഥയുടെ പ്രത്യേകത കൊണ്ടാണ്. അല്ലെങ്കിൽ പഞ്ചായത്തു തെരഞ്ഞെടുപ്പു നീട്ടിവയ്ക്കുന്ന ബിൽ 22 പ്രാവശ്യം ഈ നിയമസഭയിൽ കൊണ്ടുവരുമായിരുന്നു. മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും മാത്രം ബില്ലു കൊണ്ടുവരുന്നതിന്റെ കാരണം പഞ്ചായത്തു നിയമത്തിലെ മെമ്പറൻമാരുടെ കാലാവധിയെ സംബന്ധിച്ചുള്ള പ്രത്യേകതയാണ്. അത് ഞാൻ വായിക്കാം. Clause 11. (Term of office of elected members). (1) The term of office of the members of every panchayat who are elected at ordinary elections shall be five years beginning at noon on the day on which the vacancies occur:

Provided that the Government may by notification in the Gazette, extend or reduce the said term by such period as may be specified in the notification.

സർ, ആ വകുപ്പനുസരിച്ച് ഗവൺമെൻറിന്, മന്ത്രിക്ക് സ്വന്തം ഓഫീസിൽ ഇരുന്നുകൊണ്ട് എത്രതവണവേണമെങ്കിലും പഞ്ചായത്ത് തെരഞ്ഞെടുപ്പു നീട്ടിവയ്ക്കാം. ഇനി 50 പ്രാവശ്യം വേണമെങ്കിലും നീട്ടിവയ്ക്കാം. ആ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ മന്ത്രി ശ്രദ്ധിച്ചാൽ മതി. പഞ്ചായത്താക്ടിലെ സെക്ഷൻ 11 അനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ ബില്ലു കൊണ്ടുവന്ന് ഭേദഗതി ചെയ്യാതെ നീട്ടിവയ്ക്കാൻ കഴിയും. നേരെമറിച്ച് മുനിസിപ്പൽ ആക്ടിന്റെയും കോർപ്പറേഷൻ ആക്ടിന്റെയും മറ്റും വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകത മനസിലാക്കുകയാണെങ്കിൽ, ആ പ്രത്യേക കാരണംകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കാര്യം ഈ നിമയസഭയിൽ കൊണ്ടുവന്ന് ഞങ്ങളോടു പറയാനും അസുഖകരമായിട്ടുള്ള സാഹചര്യത്തിൽ ഇരിക്കാനും ഇടവരുന്നത്. സർ, മുനിസിപ്പൽ ആക്ട് 1960-ൽ ടേം ഓഫ് ഓഫീസിനെപ്പറ്റി ഇങ്ങനെ പറയുന്നുണ്ട്. The term for which a councillor shall hold office shall, save as otherwise expressly provided in this Act, be five years beginning and expiring at noon on the first day of November.

Provided that the Government may, by notification in the Gazette, extend or reduce the said term by such period not exceeding one year as may be specified in the notification. ഇതാണ് ഇതിനു കാരണം. ഇതുപോലെതന്നെയാണ് കോർപ്പറേഷനെറയും നിയമത്തിൽ പറയുന്നത്. അവിടെ സെക്ഷൻ 67-ൽ the term of office of councillors shall save as otherwise expressly provided, be five years beginning and expiring at noon on the first day of November എന്നു പറയുന്നുണ്ട്. ഇവിടെ ഈ പ്രൊവൈസോ ഇല്ല. മുനിസിപ്പൽ ആക്ടിൽ ടേം കഴിഞ്ഞാൽ ഒരു കൊല്ലം എന്ന് വ്യക്തമായിട്ടു പറയുന്നു. ഒരു കൊല്ലത്തേക്കേ ടേം നീട്ടിക്കൊടുക്കാൻ ഗവൺമെൻറിന് അധികാരമുള്ളു. അതുകൊണ്ട് കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും ഗവൺമെൻറിന് ഈ ടേം നീട്ടിവയ്ക്കണമെങ്കിൽ ഗവൺമെൻറിന് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചേ പറ്റു. അല്ലെങ്കിൽ ഒരു ബില്ല് ഈ നിയമസഭയിൽ കൊണ്ടുവന്നു പാസ്സാക്കണം. അതുകൊണ്ടാണ് ഓരോ പ്രാവശ്യവും ബില്ലുകൊണ്ടുവരുന്ന ഗതികേട്. ബഹുമാനപ്പെട്ട മന്ത്രിക്കു വരുന്നത്.

സർ, ഇത് ശാശ്വതമായി പരിഹരിക്കേണ്ട ഒരു പ്രശ്നമാണ് ഇത് അഖിലേന്ത്യാ വ്യാപകമായിട്ടുള്ള ഒരു നിയമപ്രശ്നമാണ്. ആ നിയമപ്രശ്നത്തിന് പരിഹാരം കാണുന്നതിന് പഞ്ചായത്തുരാജ് സംവിധാനത്തിലുള്ള എല്ലാ ചിന്തകൻമാരും മാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ട് ഓടി നടക്കുന്നുണ്ട്. അതാതുകാലത്തു ഭരണം നടത്തുന്ന ഗവൺമെൻറുകളും ഇങ്ങനെ ഏകപക്ഷീയമായിട്ടു ദുരുദ്ദേശം വച്ചുകൊണ്ട് തെരഞ്ഞെടുപ്പുകളും നീട്ടിക്കൊണ്ടുപോകുന്നത് ഭരണ ഘടനാപരമായും നിയമപരമായും എങ്ങനെ തടയാം, എന്നുള്ളത് പ്രാദേശിക സ്വയംഭരണരംഗത്തു പ്രവർത്തിക്കുന്ന എല്ലാ ആളുകളേയും ആകർഷിച്ച പ്രശ്നമാണ്. ഇതിൽ പല നിർദ്ദേശങ്ങളും പൊന്തിവന്നിട്ടുണ്ട്. അതിൽ ഞാൻ മുമ്പ് ഒരു നിർദ്ദേശം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിചോദിച്ചു അത് എൻെറ പാർട്ടിയുടെ അഭിപ്രായമാണോ യെന്ന്. പാർട്ടിയുടെ അഭിപ്രായമല്ല. നിങ്ങൾ ഇതു മുഴുവൻ പാസ്സാക്കുന്നത് ഭരണഘടനയിലെ 213-ാം ആർട്ടിക്കിൾ അനുസരിച്ചാണ്. ഈ ആർട്ടിക്കിൾ ഗവർണർമാർക്ക് ആർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരമാണ്. അതിൽ എഴുതിവച്ചിട്ടുള്ള വാക്കുകൾ പ്രധാനവുമാണ്. ജനാധിപത്യ കീഴ്വഴക്കങ്ങൾ അനുസരിച്ച് ഈ ഗവൺമെൻറ് അയക്കുന്ന ഓർഡിനൻസുകളൊക്കെ ഒപ്പിട്ടു അയക്കണം. ഇതിൻെറ വാക്കുകൾ പ്രധാനപ്പെട്ടതായതുകൊണ്ട് ഞാൻ വായിക്കാം:

LIBRARY ARCHIVES Kerala Legislative Assembly

If at any time except when the Legislative Assembly of a State is in session, or where there is a Legislative Council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require; അങ്ങനെ ഭരണഘടനയിൽ ഒരു വാക്ക് എഴുതിവച്ചതുകൊണ്ട് നിങ്ങൾക്ക് എന്തുവേണമെങ്കിലും ഓർഡിനൻസായി പുറപ്പെടുവിക്കാം; ഗവർണർ അതിനെതിരുനിൽക്കുകയില്ല. ഭരണഘടനയിലുള്ള ആ പദം മാറണമെന്നല്ല ഞാൻ പറഞ്ഞത്. തത്വം മാറണമെന്നു ഞാൻ പറഞ്ഞു എന്നുള്ള അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രി എന്നോടു ചോദിച്ചത്. അങ്ങനെയല്ല ഞാൻ പറഞ്ഞത്. നേരെമറിച്ച്, തെരഞ്ഞെടുപ്പ്, ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട ഒരു വിഷയമല്ലാതാക്കിതീർക്കണം. ഭരണഘടന ഭേദഗതി പ്രകാരം എന്നാണ് ഞാൻ പറഞ്ഞത്. ഇതിനോട് ഏതെങ്കിലും പാർട്ടി യോജിക്കാതിരിക്കുമെന്നുനിക്കു തോന്നുന്നില്ല. അഥവാ യോജിക്കാതിരുന്നാൽ അവർക്ക് ജനാധിപത്യനടപടിയിൽ വിശ്വാസമില്ല, ഈ ഒതരഞ്ഞെടുപ്പുകളൊക്കെ നീട്ടിക്കൊണ്ടുപോകണമെന്നാണ് ആഗ്രഹം എന്നാണർത്ഥം. ജനാധിപത്യപരമായ സിദ്ധാന്തങ്ങൾ ലംഘിക്കണമെന്നല്ല. ഇലക്ഷനെ സംബന്ധിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനു ഭരണഘടനപ്രകാരം ഗവർണർക്കുള്ള അധികാരത്തിൽ ലിമിറേഷൻസ് വരുത്തണമെന്നു പറയുന്നത് ഒരു പാതകമായിട്ടൊന്നും ഞാൻ കണക്കാക്കുന്നില്ല സർ. സർ, മുൻപത്തെ ചർച്ചയിൽ എല്ലാം പറഞ്ഞു കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കേരളത്തിലാണ് മുഴുവൻ പഞ്ചായത്തുകളും വളരെ അഭിലാഷിക്കുന്നത് എന്ന് അശോകമേത്താകമ്മിറ്റി പറഞ്ഞിട്ടുണ്ടെന്നു ഒരു ദിവസം മന്ത്രി പറഞ്ഞു. അതു ശരിയായിരിക്കാം. പക്ഷേ, കേരളത്തിലെ പഞ്ചായത്തുകൾ നന്നായി പ്രവർത്തിച്ച് പുരോഗതിയുണ്ടാക്കിയത് ഒരു തൂവല്പായി ബഹുമാനപ്പെട്ട മുഹമ്മദുകോയയുടെ തൊപ്പിയിൽ അണിയാൻ നോക്കേണ്ട. ഇവിടെയുള്ള പഞ്ചായത്തു പ്രസിഡൻറുമാരും പഞ്ചായത്തുമെമ്പർമാരുമെല്ലാം അഹോരാത്രം പണിയെടുത്തതിന്റെ ഫലമായി ഇവിടത്തെ പഞ്ചായത്തുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. ആർട്ടിക്കിൾ 213 ഇലക്ഷനു ബാധകമാകാതിരിക്കത്തക്കവണ്ണമുള്ള ഭേദഗതി കൊണ്ടുവരണമെന്ന് പഞ്ചായത്തുകൾ അശോകമേത്താകമ്മിറ്റിക്കു നിവേദനം കൊടുത്തിട്ടുണ്ടായിരുന്നു. അശോകമേത്താകമ്മിറ്റി റിപ്പോർട്ടിൽ പേജ് 53—ൽ പറയുന്നു Secondly, the State Government should not postpone elections as had happened. We endorse both these views; in fact, we consider them as categorical. At present the Secretariat Department in charge of the PRIs, conducts the elections through the Collectors. പഞ്ചായത്തുകൾക്കും ബ്ലോക്കുസമിതികൾക്കും ജില്ലാസമിതികളുണ്ടെങ്കിൽ അവയ്ക്കും അതിനേതായി പ്രവർത്തിക്കുന്ന ഒരു ചീഫ് എലക്ഷൻ ആഫീസർ തസ്തിക ഭരണഘടനാപരമായി ഉണ്ടാക്കണമെന്നാണ് അശോകമേത്താകമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. The complete control of the Chief Election Commissioner, Government of India, is not pressed by any, except that he should be consulted. Such a procedure would considerably strengthen the confidence in Panchayat Raj election system. These aspects of super-sessions, postponement of elections, and the election system require special provisions in the Statute. The State Legislations should contain provisions for this purpose.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷൻ വിഭാവനചെയ്യുന്ന തരത്തിൽ പ്രാദേശികഭരണസമിതികളിലേക്കും മറ്റുമുള്ള ഇലക്ഷൻ എന്നുള്ള വിഷയം നിയമനിർമ്മാണം വഴി കാലാകാലങ്ങളിൽ നടത്തുന്നതിനും നീട്ടിവയ്ക്കാതിരിക്കുന്നതിനും കഴിയണമെങ്കിൽ ഭരണഘടനാപരമായ ഭേദഗതി വേണം. അതു മാത്രവുമല്ല ചീഫ് ഇലക്ഷൻ കമ്മീഷന്റെ നേരിട്ടുള്ള സൂപ്പർവിഷനിൽ പ്രവർത്തിക്കുന്ന ഒരു ചീഫ് ഇലക്ഷൻ ആഫീസറും ഈ സംസ്ഥാനത്തുണ്ടാകണം. ആ ചീഫ് ഇലക്ഷൻ ആഫീസർ ഇന്നു കാലാകാലങ്ങളിൽ നിയമസഭയിലേക്കും പാർലമെന്റിലേക്കുമൊക്കെ തിരഞ്ഞെടുപ്പു നടത്തുന്നതുപോലെ തിരഞ്ഞെടുപ്പു നടത്തണം.

ശ്രീ. കെ. ജെ. ചാക്കോ: അശോക്മേത്താകമ്മിറ്റി റിപ്പോർട്ടിനെപ്പറ്റി പറഞ്ഞല്ലോ. പഞ്ചായത്ത്—മുനിസിപ്പൽ തിരഞ്ഞെടുപ്പുകളും മാറ്റി വയ്ക്കുന്നതിനെപ്പറ്റി ഈ അടുത്തകാലത്ത് മനോരമയിൽ കുഞ്ചുക്കുറുപ്പ് ഒരഭിപ്രായം പറഞ്ഞിരുന്നു. അതു വായിച്ചോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കുഞ്ചുക്കുറുപ്പു പറയുന്നതു വായിച്ചുരസിക്കാറുണ്ട്. അതൊക്കെ നിയമസഭയിൽ നിയമനിർമ്മാണകാര്യത്തിനു ബാധകമാകുകയില്ല. വായിക്കാനും ചിന്തിക്കാനും ചിരിക്കാനുമൊക്കെ കൊള്ളാം. സർ, ഈ തിരഞ്ഞെടുപ്പുകളും നീട്ടിവയ്ക്കുന്നതിനെപ്പറ്റിയുള്ള പരാതി ജനാധിപത്യപരമായ ഈ പ്രക്രിയയിൽ ഒഴിവാക്കേണ്ടതാവശ്യമാണ്. ഒഴിവാക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്നു ചിന്തിക്കേണ്ടതാവശ്യമാണ്. വിരസമാകുമെന്നു മന്ത്രി പറഞ്ഞതുകൊണ്ടു ഞാൻ കൂടുതലാവർത്തിക്കുന്നില്ല. രാഷ്ട്രീയ വിമർശനങ്ങളൊക്കെ അതീതമായി ഞാൻ പറയുകയാണ് നിയമപരമായ ഈ അനാശാസ്യപ്രവണതകളും ഒഴിവാക്കണം. ഈ രാഷ്ട്രീയ വൈകൃതം പരിഹരിക്കുന്നതിന് രാഷ്ട്രീയത്തിനതീതമായിട്ടുള്ള നിയമനിർമ്മാണനടപടി വേണം. ആ നടപടി എന്തായിരിക്കണമെന്ന് ആ പ്രവർത്തനത്തിൽ പരിചയമുള്ളവർ, ചിന്തകൻമാർ, അശോക്മേത്താകമ്മിറ്റിയിലുള്ളവർ, പ്രതിപക്ഷങ്ങളിലൊന്നായ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവരൊക്കെ പറഞ്ഞിട്ടുണ്ട്. അതു സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റിനു ഈ കാര്യത്തിൽ ശരിയായ ആത്മാർത്ഥതയുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. നേരേമറിച്ച് അതൊക്കെ നിരാകരിക്കുകയും ബഹുമാനപ്പെട്ട നഹാസാഹിബ് ഇവിടെ ആവർത്തിച്ചുപറഞ്ഞിരുന്ന അതേകാര്യങ്ങൾതന്നെ പറയാനാണ് ബഹുമാനപ്പെട്ട മുഹമ്മദുകോയയും ഒരുങ്ങുന്നതെങ്കിൽ ഭരണഘടനാപരമായ ലിമിറേഷൻസ് സ്വീകരിക്കാൻ നിങ്ങൾ തയ്യാറില്ല എന്നാണു ഞങ്ങൾ മനസ്സിലാക്കുന്നത്; അശോക്മേത്താകമ്മിറ്റിയുടെ ശുപാർശകൾ സ്വീകരിക്കാൻ നിങ്ങൾ തയ്യാറില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിനുവേണ്ടി നിങ്ങൾ എന്തും ചെയ്യും. ജനവിധി തേടുന്നതിനു നിങ്ങൾക്കു ഭയമുള്ളതുകൊണ്ട് യാതൊരു ലജ്ജയുമില്ലാതെ ബാലിശമായ കാരണങ്ങളാണ് നിങ്ങൾ ഇവിടെ പറയുന്നത്. അതുകൊണ്ടാണ് മന്ത്രി കോയ ഒരു വിശദീകരണവും നൽകാതിരുന്നത്. ഈ ബില്ലിനെ ഞാൻ അതികലശലായി എതിർക്കുന്നു. ഈ ബിൽ ജനാധിപത്യ സിദ്ധാന്തങ്ങൾ കാറ്റിൽപറത്തുന്ന ഒരു ബില്ലായതുകൊണ്ട് ഇതിനെ എതിർക്കാതെ തരമില്ല. അശോക്മേത്താകമ്മിറ്റിയുടെ നിർദ്ദേശങ്ങളും ഭരണഘടനാപരമായ ലിമിറേഷൻസും സ്വീകരിക്കാൻമാത്രം തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. അനിവാര്യമായ ചില കാരണങ്ങളാൽ ഇവിടത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാലാവധി നീട്ടിക്കൊടുക്കുന്നതിനുള്ള ഒരു ബിൽ.....

ശ്രീ. പി. കരുണാകരൻ: അനിവാര്യമായ കാര്യങ്ങളെന്തൊക്കെയാണ്?

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ വളരെ നീണ്ടുപോയിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്. പക്ഷേ കഴിഞ്ഞകാലങ്ങളിൽ ഭരണം നടത്തിയിട്ടുള്ള ഏതെങ്കിലും രാഷ്ട്രീയകക്ഷി ഈ തിരഞ്ഞെടുപ്പു നീട്ടുക എന്ന പാപം ചെയ്യാത്തതായുണ്ടോ എന്നറിയാൻ എനിക്കാഗ്രഹമുണ്ട്. എല്ലാവരും ഇതിൽ പങ്കാളികളാണ്. ഇടയിടെയുണ്ടായ ചില സാഹചര്യങ്ങളിൽ നിന്നു കൈകഴുകാനുള്ള ഒരു ശ്രമമാണ് ശ്രീമാൻ ദേവസ്സിക്കുട്ടി നടത്തിയത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇതൊക്കെ പറഞ്ഞുപറഞ്ഞു പഴഞ്ചനായ തത്വങ്ങളാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: ഇതു പഴയകാര്യമായതുകൊണ്ടാണ് പഴയകാര്യം പറയേണ്ടിവരുന്നത്. പഴയകാര്യം പറയുമ്പോൾ ദേവസ്സിക്കുട്ടിക്ക് അതൃപ്തിയുണ്ടാകും.

തിരഞ്ഞെടുപ്പു നീണ്ടുപോയത് നമുക്കൊക്കെ അറിയാവുന്ന കാരണങ്ങളാലാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കൗൺസിലുകൾക്ക് കുറെക്കൂടെ സമയം ദീർഘിപ്പിച്ചുകൊടുക്കുന്നതിനുള്ള ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻനായർ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ബില്ലിന്റെ പേരുതന്നെ മാറണമെന്നുള്ളതാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഈ ബില്ല് മുനിസിപ്പൽ കൗൺസിലേഴ്സ് സ്ഥിരാവകാശ ബിൽ എന്നാക്കിയാൽ കൊള്ളാം. കാരണം അനേകവർഷമായി സ്ഥിരമായി കുറെ മുനിസിപ്പൽ കൗൺസിലർമാർ അവരുടെ കസേര ഉറപ്പിച്ച് ഭരണം നടത്തുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. സാധാരണഗതിയിൽ ചില സ്ഥലത്ത് ഇരുന്നാൽ പത്തോ പന്ത്രണ്ടോ കൊല്ലം ഇരുന്നാൽ സ്ഥിരാവകാശം കൊടുക്കണമെന്നാണ്. ദീർഘകാലമായി അവിടെ ഇരിക്കുന്ന മുനിസിപ്പൽ കൗൺസിലർമാരെ മാറ്റാൻ ബദ്ധപ്പാട് ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. മുനിസിപ്പൽ കൗൺസിലർമാർക്കും ചെയർമാൻമാർക്കും ഒക്കെ പെൻഷൻ കൊടുക്കണമെന്ന അവകാശവാദംവരെ ഉന്നയിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എം.എൽ.എ.-മാർക്കു പെൻഷൻ ആകാമെങ്കിൽ അവർക്കും അവകാശവാദം പുറപ്പെടുവിച്ചുകൂടെ?

ശ്രീ. എൻ. ഭാസ്കരൻനായർ: കുറെ ആളുകൾക്ക് അങ്ങനെ കൊടുക്കുന്നതു നല്ലതുതന്നെ. അവകാശവാദം ഉണ്ടെന്നു പറയുകയായിരുന്നു. ആദ്യം മേയ്മാസം അവസാനംവരെ നീട്ടണമെന്നു പറഞ്ഞു. അതിനുശേഷം ഒക്ടോബർവരെ നീട്ടണമെന്നു പറഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ സംബന്ധിച്ച് സ്ഥിരമായി ഒരഭിപ്രായം പറയാൻ നിർവ്വാഹമില്ലാതെയാണിരിക്കുന്നത്. കഴിഞ്ഞ അവസരത്തിൽ വ്യക്തമായി പറഞ്ഞു കഴിഞ്ഞു, ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ല് പാസായതിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് കൗൺസിലിലേക്കും, മുനിസിപ്പാലിറ്റിയിലേക്കും, പഞ്ചായത്തിലേക്കും എല്ലാം തിരഞ്ഞെടുപ്പുകൾ ഒന്നിച്ച് നടത്തുമെന്ന്. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ല് പാസായതിന്റെ അടിസ്ഥാനത്തിൽ ജില്ലാസമിതികളിലേക്കു തിരഞ്ഞെടുപ്പു നടത്തണമെങ്കിൽ ഒക്ടോബർ മാസത്തിൽ നടത്താൻ നിർവ്വാഹമില്ലെന്ന് പരിപൂർണ്ണമായ വിശ്വാസം മന്ത്രിക്ക് ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ലിന്റെ അടിസ്ഥാനത്തിൽ പുതുതായി മണ്ഡലങ്ങളുമെല്ലാം നിശ്ചയിച്ചതിനുശേഷം, ഇലക്ട്രൽറോൾ പുതുക്കിയതിനുശേഷം മാത്രമേ നടത്താൻ സാധിക്കുകയുള്ളു. അപ്പോൾ അതും അതോടൊപ്പം മുനിസിപ്പാലിറ്റികളിലേയും പഞ്ചായത്തുകളിലേയും തിരഞ്ഞെടുപ്പ് ഒക്ടോബർ മാസത്തിൽ നടത്താൻ സാധ്യമല്ലെന്നുള്ളത് വ്യക്തമാണ്. ഈ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ല് നടപ്പിൽ വരുത്തണമെങ്കിൽ അതിന് റൂൾസ് ഉണ്ടാക്കണം. ഒന്നുരണ്ടു മാസങ്ങൾകൊണ്ട് അതു സാധ്യമല്ല. അതുകൊണ്ടു പലഘട്ടങ്ങളിലായി കുറേശ്ശ കുറേശ്ശയായി നീട്ടികൊണ്ടുപോകുന്ന ഈ ഇടപാട് നിറുത്തിയിട്ട് എന്നത്തേക്ക് ഇതു നടക്കും അന്നത്തേക്ക് വരെ, ഒന്നോ രണ്ടോ കൊല്ലം നീട്ടിവച്ചാൽ തരക്കേടില്ല. വ്യക്തമായി ഒരു തീയതി നിശ്ചയിക്കുകയായിരിക്കും നല്ലത് എന്നാണ് എന്റെ അഭിപ്രായം.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയെപ്പറ്റി ഒന്നുരണ്ടു വാക്കു പറഞ്ഞിട്ടു ഞാൻ അവസാനിപ്പിക്കാം. ചങ്ങനാശ്ശേരി മുനിസിപ്പൽ കൗൺസിൽ പിരിച്ചുവിട്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടോ മൂന്നോ വർഷമായിട്ട് അവിടെ ഭരണം നടത്തുന്നത് കമ്മീഷണറാണ്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് ഈ ഭരണം അവരെ ഏൽപ്പിക്കണമെന്ന് പല പ്രാവശ്യം വാദിച്ചതാണ്. അതിനു സാധ്യമല്ലെന്നു പറഞ്ഞു. വീണ്ടും തിരഞ്ഞെടുപ്പ് നടത്തുന്നതാണെന്നു പറഞ്ഞു. കുറഞ്ഞകാലത്തേക്ക് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ലെന്നു പറഞ്ഞു. ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം ഒക്ടോബറിൽ തിരഞ്ഞെടുപ്പുനടക്കാൻ സാധ്യതയില്ലാത്തതുകൊണ്ട് അവിടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കണമെന്ന അപേക്ഷയോടു കൂടി നിറുത്തുകയാണ്.

ശ്രീ. ടി. എം. ജേക്കബ്ബ്: സർ, ചില സാങ്കേതിക കാരണങ്ങളാൽ ഇതു നീട്ടിവയ്ക്കേണ്ടിവന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ അതൊന്നും വിശദീകരിക്കേണ്ട ആവശ്യമില്ല. ഈ ബില്ല്.....

ശ്രീ. എ. പി. കുര്യൻ: എന്താണ് ആ സാങ്കേതിക കാര്യങ്ങൾ?

ശ്രീ. ടി.എം. ജേക്കബ്ബ്: സാങ്കേതിക കാര്യങ്ങൾ എന്തൊക്കെയാണെന്ന് ശ്രീമാൻ എ.പി. കുര്യനും അറിയാം, എനിക്കും അറിയാം, നമുക്കെല്ലാവർക്കും അറിയാം. ഇന്നുരാവിലെ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പറയുകയുണ്ടായി, സാങ്കേതികം എന്നു പറഞ്ഞാൽ വളരെ വിപുലമായ അർത്ഥമാണ് ഉള്ളത് എന്ന്. അതു മുഴുവൻ വിശദീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സമയമില്ല. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അതുകൊണ്ട് ഞാൻ നിറുത്തുകയാണ്. ബാക്കി നിങ്ങൾ പറഞ്ഞോ ഞങ്ങൾ കേട്ടു കൊള്ളാം. സർ, കഴിഞ്ഞ പ്രാവശ്യം ഈ ബില്ല് ഇവിടെ കൊണ്ടുവരികയുണ്ടായി. ഈ നിയമം കൊണ്ടുവരാൻ തുടങ്ങിയതും ഇതിൽ വിഷം കുത്തിവച്ചതും നിങ്ങളാണ്. വിഷം വളരെ വ്യാപിച്ചുപോയി. വലിയ വിഷമാകുമ്പോൾ ആ വിഷം എടുക്കാൻ കുറച്ചു കാലതാമസം വരും. ഈ ഗവൺമെൻറുതന്നെ അതു എടുക്കും എന്നുള്ളത് തീർച്ചയാണ്.

ശ്രീ പി. ബി. ആർ. പിള്ള: 1967—ൽ മുനിസിപ്പൽ ഇലക്ഷൻ നടന്നത് ബഹുമാനപ്പെട്ട മെമ്പർ മറന്നുപോയോ?

ശ്രീ. ടി. എം. ജേക്കബ്ബ്: മുനിസിപ്പൽ ഇലക്ഷൻപോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് പഞ്ചായത്ത് ഇലക്ഷൻ. സംശയം വല്ലതും ഉണ്ടോ? രണ്ടും സ്വയംഭരണസ്ഥാപനങ്ങളാണ്. എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ജില്ലാഭരണബില്ല് പാസാക്കിയിട്ടുണ്ട്. അതിന്റെ തിരഞ്ഞെടുപ്പ് സെപ്തംബറിൽ നടത്തണമെന്ന് തീരുമാനിച്ചു. ഇതുരണ്ടുംകൂടി ഒരുമിച്ചുകൊണ്ടുപോകരുത്. നവംബർ 79 എന്നുള്ളത് കുറെക്കൂടി നീട്ടണം എന്നുള്ളതാണ്. 1980 എന്നാക്കണം. അങ്ങനെയാണെങ്കിൽ ഇടയ്ക്കിടയ്ക്കു ചർച്ച ചെയ്യേണ്ടയാവശ്യമില്ല. വെറുതെ സഭയുടെ സമയം കളയേണ്ടതില്ല. സെപ്തംബർ ആദ്യം ജില്ലാ കൗൺസിലിന്റെ തിരഞ്ഞെടുപ്പ് നടത്താം. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പൊതുജന പിന്തുണയുള്ള ഗവൺമെൻറായിട്ടാണ് ജനങ്ങൾ അംഗീകരിച്ചിട്ടുള്ളത്. ഞങ്ങളുടെയും വിശ്വാസം അതാണ്.

ശ്രീ. പി. പി. എസ്തോസ്: അങ്ങനെയാണെങ്കിൽ ശ്രീമാൻ കെ.എം. ചാണ്ടിയുടെ അഭ്യർത്ഥന സ്വീകരിക്കാൻ വിഷമമില്ലല്ലോ? കരുണാകരനെ മുഖ്യമന്ത്രി ആക്കണം. അതു അംഗീകരിക്കാമോ?

ശ്രീ. ടി.എം. ജേക്കബ്ബ്: അതും ഇതും രണ്ടു കാര്യങ്ങളാണ്. പൊതുജനപിന്തുണയും അതുമായി ബന്ധമില്ല.

എനിക്ക് ഒരു കാര്യംകൂടി പറയാനുണ്ട്. മുനിസിപ്പാലിറ്റിയിലും മുനിസിപ്പൽ കോർപ്പറേഷനിലും ഉള്ള കണ്ടിജൻസി തൊഴിലാളികളുടെ കുട്ടികൾക്ക് ഹരിജനങ്ങളുടെ കുട്ടികൾക്കു ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുന്നുണ്ട്. അതിനു പരിഹാരം ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്ത് തിരഞ്ഞെടുപ്പുകൾ എത്രയും പെട്ടെന്നു നടത്തണമെന്നു മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. മാത്യു: സർ, ഈ സഭയിൽ മാത്രമല്ല കേരളത്തിലെ എല്ലാ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലും സുഗന്ധം വമിക്കുന്ന ചരിത്രപ്രധാനമായ ബിൽ പാസാക്കി അതിന്റെ ആ സുഗന്ധത്തിൽ അങ്ങനെ മുങ്ങി മയങ്ങി ഇരിക്കുമ്പോൾ അല്പസ്വൽപം ദുർഗന്ധം വന്നാൽ അതൊന്നും ശോഭിക്കുകയില്ലെന്ന് ശ്രീമാൻ ദേവസ്സിക്കുട്ടി മനസ്സിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

(തുടരും)

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ഭരണ ബിൽ ആകുന്ന ചരിത്രപ്രധാനമായ, സുഗന്ധവാഹിയായ ബിൽ; നിങ്ങളിൽ പലരും അറച്ചുനിന്ന, അന്ധവിശ്വാസത്തോടുകൂടി മുന്നോട്ടുകൊണ്ടുവരാൻ തയ്യാറാകാതിരുന്ന ആ ബിൽ, പാസാക്കിയപ്പോൾ അതിന്റെ പിതൃത്വം അവകാശപ്പെടുവാൻ മൂന്നാം വായനസമയത്തു വന്നതൊക്കെ ഓർക്കുമ്പോൾ.....

(തടസ്സം)

ഈ ബില്ലിനെപ്പറ്റി വളരെക്കൂടുതലൊന്നും ധർമ്മരോഷം കൊള്ളേണ്ട കാര്യമില്ല. സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ നീക്കം ഏറ്റവും അവസരോചിതമായിരിക്കുന്നു, സമുചിതമായിരിക്കുന്നു, എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കാരണമുണ്ട്. സാങ്കേതികകാരണം എന്നൊക്കെ പറഞ്ഞു. സാങ്കേതികം എന്താണെന്നു വ്യക്തമല്ലേ? ജില്ലാഭരണബിൽ പാസാക്കി നടപ്പിലാക്കാൻ പോകുകയാണ്. ഇതു രണ്ടുംകൂടി നടത്താം. പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്താം. മുഖ്യമന്ത്രി പ്രഖ്യാപിച്ചുകഴിഞ്ഞു. സെപ്റ്റംബറിൽ നടത്താൻ പോകുകയാണെന്ന്. പിന്നെ എന്തിനു സംശയം? സംശയിച്ചിട്ടു കാര്യമില്ല. ജനവിധിയെപ്പറ്റി പറയുന്നു. ജനവിധി മേയ്മാസത്തിൽ അറിയാൻപോകുകയാണ്. അതിന് പഞ്ചായത്തു തിരഞ്ഞെടുപ്പും മുനിസിപ്പൽ തിരഞ്ഞെടുപ്പും ഒന്നും വേണ്ട, നാലു നിയോജകമണ്ഡലങ്ങളിൽ നമ്മളം കുരുക്ഷേത്രത്തിൽ ഏറ്റുമുട്ടാൻ പോകുകയാണ്. പിന്നെ എന്തിനു ജനപിന്തുണയെക്കുറിച്ചു പറയുന്നു? നാലഞ്ച് ഉപതിരഞ്ഞെടുപ്പുകളം വരുന്നു. അതു നീട്ടിവയ്ക്കുകയില്ലല്ലോ. കാണാം. പറഞ്ഞിട്ടു കാര്യമില്ല.

(തടസ്സം)

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: സർ, ഒരു മെമ്പർക്കു സംസാരിക്കാൻ സ്വാതന്ത്ര്യമില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ.എ. മാത്യു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് ഇവിടെ സൂചിപ്പിച്ചു, ചങ്കെടുത്തുകാണിച്ചാൽ ചെമ്പരത്തിപ്പൂവെന്നു പറയും. കുടലെടുത്തു കാണിച്ചാൽ വാഴനാരെന്നു പറയും. അങ്ങനെയുള്ള പ്രതിപക്ഷത്തോടു കൂടുതൽ വാദപ്രതിവാദം നടത്തിയിട്ടാവശ്യമില്ല. എവിടെയും നൻമ കാണുവാൻ നിങ്ങൾക്കു കഴിയുന്നില്ല എന്നുള്ളതുമാത്രമാണ് അതിന്റെയൊക്കെ മൂലകാരണം എന്നുമാത്രം പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവിശ്വാസികളാണ്, വ്യക്തമായി മുഖ്യമന്ത്രി പ്രഖ്യാപിച്ചുകഴിഞ്ഞു. എന്നിട്ടും അവിശ്വാസവുംകൊണ്ടു നടന്നിട്ടു കാര്യമില്ല. സെപ്റ്റംബറിൽ ഈ തിരഞ്ഞെടുപ്പു നടത്താൻ പോകുകയാണ്. അതും പോരെങ്കിൽ അടുത്ത മേയ്മാസത്തിൽ ജനപിന്തുണ കാണാൻ നല്ല അവസരമുണ്ടായിരിക്കുന്നു. അപ്പോൾ ദേവസ്സിക്കുട്ടിയുടെ പാർട്ടി എവിടെയായിരിക്കും? അറിഞ്ഞാൽ കൊള്ളാം. സർ, ഞാൻ ബില്ലിനെ ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ പി.പി. എസ്തോസ്: സർ, ഈ ബില്ലിനെ എതിർക്കുകയാണ്. അത് അങ്ങേവശത്തിരിക്കുന്നവർക്കു നാണമില്ലാത്തതുകൊണ്ടു തന്നെയാണ്. അവർ നിരന്തരമായി കാര്യങ്ങൾ പറയുമ്പോൾ പറയുന്നു- ഇപ്പോൾ ശ്രീ. ടി.എം. ജേക്കബ്ബും പറഞ്ഞു—1968-ൽ ഞങ്ങൾ എന്തോ വലിയ മഹാപരാധം ചെയ്തുവെന്ന്. 1969-ൽ മുനിസിപ്പൽ തിരഞ്ഞെടുപ്പു നടത്തി. അതിനുശേഷം ഇത് 1979 ആണ്. 1969-നു ശേഷം

LIBRARY ARCHIVES Kerala Legislative Assembly

പല തിരഞ്ഞെടുപ്പുകളും നീട്ടിവയ്ക്കാൻ ഇടയായ കാരണങ്ങളും സാങ്കേതികമാണ്, മറ്റുപലതുമാണ്. എന്തു സാങ്കേതികം? ഇവർ പറയുന്നു 1970 മുതൽ ഒരു സൽഭരണം കേരളത്തിൽ വരികയുണ്ടായിയെന്ന് (ഇന്ദ്ധ്യയിൽ മുൻപുണ്ടായിരുന്നു ഒന്ന്; അതിൽ ഇവരും പങ്കാളികളായിരുന്നു!) ഒരു കല്ലിൽ കൊത്തിയ ചിത്രംപോലെ, ഒരൊറ്റ ഭരണം, ഒരൊറ്റ നേതാവ്, ഒരൊറ്റ സ്വരം, ഒരൊറ്റ ശക്തി, കേരളത്തിന്റെ ശക്തി— എന്നാണു പറയുന്നത്. കേരളത്തിലെ പുരോഗമന നേതാക്കന്മാരാണ് അവരും. ഇപ്പുറത്തിരിക്കുന്ന കുറെ ആളുകളും ഇതിനിടയ്ക്ക് എന്തു കൊണ്ട് 1974-ൽ മുനിസിപ്പൽ തിരഞ്ഞെടുപ്പു നടത്തിക്കൂടായിരുന്നു? പഞ്ചായത്തിൽ ധൈര്യമില്ല, പോകട്ടെ. കാരണം, പഞ്ചായത്തിൽ കൂടുതൽ പാവപ്പെട്ട ആളുകളാണുള്ളത്. പക്ഷേ എന്തുകൊണ്ട് ഇതു നടത്തിയില്ല? സർ, അന്നു നടത്തിയില്ല. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ പാസാക്കിയതുകൊണ്ടാണ്! ജില്ലാ ഭരണബിൽ പാസാക്കിയശേഷമാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 1979 മേയ് മാസത്തിൽ മുനിസിപ്പൽ തിരഞ്ഞെടുപ്പു നടത്താം എന്നാണു പറഞ്ഞത്. ഇപ്പോഴും അത് ഒരു ഭേദഗതിയായി ഒക്ടോബർവരെ നീട്ടിയിരിക്കുന്നു. ഭേദഗതി എത്ര വേണമെങ്കിലും കൊണ്ടുവരാം. അതിനു സ്വാതന്ത്ര്യമുണ്ട്. 1967—69 ലെ ഐക്യമുന്നണി ഗവൺമെന്റിലെ പ്രധാന കക്ഷിയെന്ന നിലയ്ക്കു മാർക്സിസ്റ്റുപാർട്ടി എന്തോ ഒരു അപകടം ചെയ്തിരിക്കുന്നു എന്ന മട്ടിൽ ഇവർ ചെയ്യുന്ന മുഴുവൻ തെറ്റിനും ഇങ്ങോട്ടു തിരിച്ചു പറയുകയാണ്. എന്തപകടമാണു ചെയ്തത്? 1967—69 കാലഘട്ടത്തിൽ ഈ ജില്ലാ ഭരണബിൽ അവതരിപ്പിച്ച്. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഈ നിയമസഭയിൽ വന്നു. ആ സമയത്ത് അതിലുമുപരിയായി കേരളത്തിലെ രണ്ടു കോടിയിൽപ്പരം വരുന്ന ജനങ്ങളെ ആകെ ബാധിക്കുന്ന, കാർഷിക സമ്പദ് വ്യവസ്ഥയെ സമൂലമായി ബാധിക്കുന്ന, പുരോഗമനപരമായ മാറ്റങ്ങൾക്കുവേണ്ടി കൊണ്ടുവന്ന കാർഷിക പരിഷ്കരണ ഭേദഗതി നിയമത്തെ, കേരളത്തിലെ ഭൂസ്വാമിമാർക്കുവേണ്ടി പരാജയപ്പെടുത്തുന്നതിന്, കേരള കോൺഗ്രസ് അടങ്ങുന്ന ഭൂസ്വാമിമാർക്കുവേണ്ടി (അന്ന് മറുവശത്തിരുന്നുകൊണ്ട് കോൺഗ്രസ്സും അവരുംകൂടി അതിനെ എതിർക്കുകയായിരുന്നു). ജില്ലാ ഭരണബില്ലാണ് അതിനെക്കാൾ അടിയന്തിരമായി വേണ്ടതെന്ന് അവരുടെ വക്കാലത്തുകാരിവിടെ വാദിച്ചു. സർ, അതല്ലാതെ വേറെ അപകടമൊന്നും വന്നില്ല. ആ വക്കാലത്തുകാരുടെ വാദത്തിനു മറുപടിയായി, അതല്ല ഈ കേരളത്തിലെ അടിസ്ഥാനപരമായിട്ടുള്ള സമ്പദ്വ്യവസ്ഥയെ മാറ്റുന്നതിനു സഹായകമാകുന്ന കാർഷിക പരിഷ്കരണ ഭേദഗതി നിയമമാണ് ഉടനെ ഇവിടെ പാസാക്കേണ്ടത് എന്നുമാത്രമാണ് ഞങ്ങൾ വാദിച്ചത്. അതു പാസാക്കി. പാസാക്കിയതിന്റെ പിറ്റേ ആഴ്ചയിൽ ആ ഗവൺമെന്റിനെ താഴെയിറക്കി. വീണ്ടും ജില്ലാഭരണ ബിൽതന്നെ കൊണ്ടുവന്നു. 1971 ആഗസ്റ്റു മാസത്തിൽ കേരളനിയമസഭയിൽ ആ ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചു. പിന്നെ 1971 മുതൽ 1977 വരെയുള്ള ആറുവർഷക്കാലം ഇക്കൂട്ടർ എവിടെയായിരുന്നു? എന്നിട്ട് ഇങ്ങോട്ടു തിരിഞ്ഞുനിന്ന് ചോദ്യമാണ്; ഞങ്ങളാണു കുഴപ്പക്കാർ എന്ന മട്ടിൽ, ഞങ്ങളല്ല. ഞങ്ങളാണ് ആ വശത്ത് ഇരുന്നതെങ്കിൽ 1970-ലോ 1971—ലോ ഈ തിരഞ്ഞെടുപ്പു നടക്കുമായിരുന്നു എന്നു ഞാൻ ഉറപ്പിച്ചു പറയുകയാണ്. ഇത്തരത്തിലുള്ള നിരുത്തരവാദപരമായ ആരോപണങ്ങളും ഇങ്ങോട്ടു വിടുക, സ്വന്തം തെറ്റു മൂടിവയ്ക്കാൻവേണ്ടി അസംബന്ധങ്ങളും അർദ്ധസത്യങ്ങളുമായിട്ടുള്ള പ്രസ്താവനകളിറക്കുക—എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഞെളിഞ്ഞു നടക്കുക! എന്നിട്ടു വീണ്ടുംവീണ്ടും ഭേഗതി കൊണ്ടുവരുക! ബഹുമാനപ്പെട്ട ഇപ്പോഴത്തെ ചാർജ് വഹിക്കുന്ന മന്ത്രിതന്നെ പറഞ്ഞു സെപ്റ്റംബർ മാസത്തിൽ ഈ ജില്ലാ ഭരണ തിരഞ്ഞെടുപ്പ് നടക്കുകയില്ലെന്ന്. അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം പറഞ്ഞു, 'ഒരു പക്ഷേ നടക്കാൻ പറ്റിയില്ലെങ്കിലും.....' എന്ന്. പിന്നെ എന്തിനാണ് ശ്രീമാൻ കെ. എ. മാത്യുവും ടി. എം. ജേക്കബ്ബും ഇതൊക്കെ പറയുന്നത്? ഇനിയും പലരും പ്രസംഗിക്കും. അവരും ഇതുതന്നെ പറയും. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ ഉറപ്പുണ്ടോ? പഞ്ചായത്തു തിരഞ്ഞെടുപ്പു സെപ്റ്റംബറിൽ നടക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. മുനിസിപ്പൽ തിരഞ്ഞെടുപ്പു മേയിൽ നടക്കുമെന്ന പ്രഖ്യാപനമുണ്ടായി. ഇപ്പോഴും മേയ് മാസമെന്നുള്ളത് മണിക്കൂറുവച്ച് സെപ്റ്റംബർ മാസമായി മാറിയിരിക്കുന്നു. അങ്ങനെ തികച്ചും നിരുത്തരവാദപരമായി കാലാവധി നീട്ടൽ ബിൽ കൊണ്ടുവരുന്ന ഈ ഗവൺമെൻറിന്റെ ഉത്തരവാദിത്വരാഹിത്യത്തെയാണ് അങ്ങേയറ്റം ശക്തിയായി എതിർക്കുന്നത്. എന്തു നീട്ടാൻ കൊണ്ടുവന്നാലും ഇവിടെ നീട്ടിയെന്നുവരും. ഭൂരിപക്ഷമുണ്ട്. പക്ഷേ ആ ഭൂരിപക്ഷം അധാർമ്മികത്വത്തിന്റെ ഭൂരിപക്ഷമാണ്; നിരുത്തരവാദിത്വത്തിന്റെ ഭൂരിപക്ഷമാണ്; ജനദ്രോഹത്തിന്റെ ഭൂരിപക്ഷമാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഭൂരിപക്ഷംകൊണ്ട് ഇതുപോലെയുള്ള ജനാധിപത്യപരമായ പരിഷ്കാരങ്ങൾക്കുനേരെ ആക്രമണം നടത്തുന്ന ഇവരെ ഈ നിയമസഭയ്ക്കകത്തല്ലെങ്കിൽ പുറത്തെങ്കിലുംവച്ച് ജനങ്ങൾ ചവിട്ടിപുറത്താക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സർ, ഇതിനെ അതുകൊണ്ട് ശക്തിയായി എതിർക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, കേരളത്തിലെ മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടെ ഔദ്യോഗികകാലാവധി വീണ്ടും നീട്ടിക്കൊടുക്കുവാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാന്യനായ മന്ത്രിക്കുതന്നെ, എന്തുകൊണ്ട് അദ്ദേഹത്തിന് ഇങ്ങനെയൊരുബിൽ അവതരിപ്പിക്കേണ്ടിവന്നുവെന്ന് ഈ സഭയിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളുടെ മുൻപിൽ വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. മേശപ്പുറത്തുവയ്ക്കുന്ന പ്രസ്താവനയിൽ പറയുന്ന കാരണങ്ങളാൽ ഈ ബിൽ ഇവിടെ അവതരിപ്പിക്കേണ്ടിവന്നു എന്നാണദ്ദേഹം പറയുന്നത്. ആ പ്രസ്താവന പലയാവർത്തി വായിച്ചു നോക്കിയിട്ടും എന്താണ് ആ കാരണങ്ങളെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. മുനിസിപ്പൽ തിരഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കേണ്ടിവന്നു എന്നുമാത്രം പറഞ്ഞ് നിർത്തിയിരിക്കുന്നു. എന്തുകൊണ്ട് മുനിസിപ്പൽ തിരഞ്ഞെടുപ്പു മാറ്റിവയ്ക്കേണ്ടിവന്നു എന്നു പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്കോ മന്ത്രിക്കുവേണ്ടി ഭരണകക്ഷി ഭാഗത്തുനിന്നു പ്രസംഗിച്ച് ആർക്കെങ്കിലുമോ കഴിഞ്ഞിട്ടില്ല. 'അനിവാര്യമായ കാരണങ്ങളാൽ', 'സാങ്കേതികമായ കാരണങ്ങളാൽ' എന്നു പറഞ്ഞു തടിതപ്പാനുള്ള പരിശ്രമമാണ് ആഭാഗത്ത് എല്ലാവരിൽനിന്നും ഉണ്ടായിട്ടുള്ളത്.

സർ, ഈ സഭയിൽ കഴിഞ്ഞ നിയമസഭാസമ്മേളനകാലത്ത് മുനിസിപ്പാലിറ്റികളുടെയും കൗൺസിലുകളുടെയും ഔദ്യോഗിക കാലാവധി നീട്ടാനുള്ള ബിൽ അവതരിപ്പിച്ച് പാസ്സാക്കിയ അവസരത്തിൽ ഉടൻതന്നെ തിരഞ്ഞെടുപ്പ് നടത്തുന്നതാണെന്ന് അന്ന് ഈ ബിൽ അവതരിപ്പിച്ച അവുക്കാദർക്കുട്ടിനഹാ സാഹിബ് പറഞ്ഞിരുന്നു. അതു കഴിഞ്ഞ് ഇവിടെ ഒരു തിരഞ്ഞെടുപ്പു തിരുവനന്തപുരം ഈസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തിൽ നടന്നു. ഇന്ന് അവിടെ ആരോ കുരുക്ഷേത്രത്തിന്റെ കാര്യം അവ്യക്തമായി പറയുന്നതു കേട്ടു. പണ്ട് ഇവിടെ ഒരു നിയമസഭാ സമ്മേളനത്തിൽ പ്രസംഗിച്ചിട്ട് കുരുക്ഷേത്രത്തിലേക്ക് പോവുകയാണെന്നു പറഞ്ഞുകൊണ്ട് കഴക്കൂട്ടത്തേയ്ക്കുപോയിട്ട് അവസാനം ഇപ്പോഴും രണ്ടായിരിക്കുന്ന എൻ.ഡി.പി.യുടെയും ഇന്ന് ഇപ്പുറത്തിരിക്കുന്ന കോൺഗ്രസ് (ഐ) യുടെയും പിന്തുണയോടുകൂടി കൃഷ്ടിച്ച് ജയിച്ചുവന്ന ഭരണകക്ഷികരം അതിനുശേഷം ഇവിടെ കുറെയെല്ലാം ഊറ്റംകൊണ്ട് സംസാരിക്കുകയുണ്ടായി. കഴിഞ്ഞ സെപ്റ്റംബറിൽ തിരുവനന്തപുരം ഈസ്റ്റിലെ തിരഞ്ഞെടുപ്പ് നടന്നു. അതു കഴിഞ്ഞിട്ട് മന്ത്രിസഭാ തീരുമാനം പ്രഖ്യാപിച്ചുകൊണ്ട് മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി പറഞ്ഞു. പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കണമെന്ന് ഗവൺമെന്റിനു തോന്നിയെന്ന്. അങ്ങനെ തോന്നാനുള്ള കാരണമെന്താണ്? ഈ കാര്യത്തെപ്പറ്റി ചില പത്ര വാർത്തകളെല്ലാം വന്നു. തിരഞ്ഞെടുപ്പു നീട്ടിയതുസംബന്ധിച്ച് ഭരണകക്ഷികളിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നാണ് പത്ര വാർത്തകരം വന്നത്. മുസ്ലീംലീഗിലെ വകുപ്പുമന്ത്രി ശ്രീ. നഹാസാഹിബ്ബ് പഞ്ചായത്ത് മുനിസിപ്പൽ തിരഞ്ഞെടുപ്പ് നീട്ടുന്നതിനോട് യോജിക്കുന്നില്ലെന്നുള്ള പത്ര റിപ്പോർട്ടുകരം അടിക്കടി പത്രങ്ങളിൽ വന്നിട്ടും അതിനെ മുസ്ലീംലീഗിലെ ആരും തന്നെ നിഷേധിച്ചിട്ടില്ല. അദ്ദേഹം ഈ സഭയിൽ വന്നിട്ടില്ലെങ്കിലും അദ്ദേഹത്തിനുവേണ്ടി ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രി അങ്ങനെ ഈ തിരഞ്ഞെടുപ്പു നീട്ടുന്ന കാര്യത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നോ എന്നുള്ള കാര്യം സഭയിൽ വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പുറത്തെങ്കിലും പറയാൻ തയ്യാറാകേണ്ടതായിരുന്നു. അദ്ദേഹം തന്ത്രപൂർവം മൗനം അവലംബിച്ചിരിക്കുകയാണ്. ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി സംസാരിച്ചപ്പോഴും തിരഞ്ഞെടുപ്പിന്റെ കാലാവധി നീട്ടുക എന്ന പാപത്തിൽനിന്നും ഇപ്പുറത്തിരിക്കുന്നവരും മോചിതരല്ലെന്നു പറഞ്ഞു. ആവർത്തിച്ചാവർത്തിച്ച് തിരഞ്ഞെടുപ്പ് നീട്ടുകയെന്നത് പാപമായി അംഗീകരിക്കാൻ തയ്യാറായതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ പത്തു വർഷക്കാലത്തെ നമ്മുടെ നിയമസഭയുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ ഓരോ നിയമസഭാ സമ്മേളനകാലത്തും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നീട്ടുന്ന ബില്ലുമായി സഭയിൽ വരികയും അതിനെ ഭൂരിപക്ഷംകൊണ്ട് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ആ പാപം ചെയ്തിട്ട് അത് കഴുകി കളയാൻവേണ്ടിയായിരിക്കും ശ്രീ. നഹാസാഹിബ്ബ് അടിക്കടി മക്കത്ത് ഹജ്ജിനുവേണ്ടി പോകുന്നത്. ഏതായാലും ഇനിയും ആവർത്തിച്ചാവർത്തിച്ച് ആ പാപം ചെയ്യാതിരിക്കാൻവേണ്ടി മനഃപൂർവ്വം അദ്ദേഹം സഭയിൽ വരാതിരിക്കുകയാണ്. ഇനിയും ആ വിഴുപ്പു കെട്ട് ചുമക്കാൻ ശ്രീ. കോയ നിർബന്ധിതനായിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇതേ വാദമുഖങ്ങരം ഉന്നയിച്ചുകൊണ്ട് ഇതിനെ ന്യായീകരിക്കാൻ ഭരണകക്ഷിയിൽപെട്ട ആർക്കും കഴിഞ്ഞിട്ടില്ല. തിരുവല്ലായിലെ തിരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. വരുന്ന മേയ് മാസത്തിലാണ് അവിടെ തിരഞ്ഞെടുപ്പ് നടക്കുന്നത്. അപ്പോഴും കണ്ടുകൊള്ളാമെന്നാണ് പറയുന്നത്. ഭരണകക്ഷികരം ഭയനീയമായി അവിടെ പരാജയപ്പെടാൻ പോവുകയാണ്. അങ്ങനെ ആടിക്കൊണ്ടിരിക്കുന്ന, അടിസ്ഥാനം തന്നെ ഇല്ലാതായിരിക്കുന്ന ഭരണകക്ഷികളെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറാവുകയില്ല. ഈ സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് നടത്തുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അശോക്മേത്ത കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പറ്റി ഒന്നുകൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന ഗവൺമെൻറിന്റെ പരിധിയിൻ ഈ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്താനുള്ള ഉത്തരവാദിത്വം വച്ചുകൊണ്ട് നടന്നാൽ ഇത് നടക്കാൻ പോകുന്നില്ല. അതുകൊണ്ട് ചീഫ് ഇലക്ഷൻ കമ്മീഷണറുടെ പരിധിയിൽ, അദ്ദേഹത്തിന്റെ ചുമതലയിൽ ഈ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൂടി മാറ്റിയെങ്കിൽമാത്രമേ ഈ എല്ലാ സ്ഥാപനങ്ങളിലും തിരഞ്ഞെടുപ്പ് നടക്കേണ്ട സമയത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. അത് ഈ സഭയുടെ മുമ്പാകെ കൊണ്ടുവരേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള ബഹുജനാഭിപ്രായം സംഘടിപ്പിക്കുന്നതിനുവേണ്ടി എല്ലാവരും മുമ്പോട്ടു വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കരുണാകരൻ: ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. സാധാരണ ഈ ബില്ലിനെ അനുകൂലിച്ച് സംസാരിക്കുന്ന ജേക്കബ് ഈ പ്രാവശ്യം ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് സംസാരിക്കുമ്പോഴും നിയമപുസ്തകങ്ങളിലേക്കോ മറ്റ് സംസ്ഥാനങ്ങളിലേക്കോ പോയിട്ടില്ലെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. എന്നാൽ ഈ തിരഞ്ഞെടുപ്പ് നീട്ടുന്നതിനെസംബന്ധിച്ചും അതുപോലെ തന്നെ അതിന്റെ ദൈർഘ്യത്തെസംബന്ധിച്ചും. മനസ്സിലാക്കണമെങ്കിൽ ചെറിയൊരു ഉദാഹരണം ഞാൻ ശ്രീ. ജേക്കബിന്റെ മുമ്പിൽ വയ്ക്കാം. ശ്രീ. ജേക്കബ്ബിനേക്കാളും പ്രായം കുറഞ്ഞ തലമുടി കറുത്ത് ഇടതൂർന്ന് വളർന്ന ഒരു ചെറുപ്പക്കാരൻ വർഷങ്ങൾക്കുമുമ്പ് പയ്യന്നൂർ പഞ്ചായത്തിൽ സ്ഥാനാർത്ഥിയായി മൽസരിച്ചിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ മകളുടെ കല്യാണം ഈ അടുത്തകാലത്താണ് നടന്നത്. തലമുടി നരച്ചു കവിൾ ഒട്ടിയ ആ മനുഷ്യനാണ് ശ്രീ. ഷേണായി. അത്രയേറെ മാറ്റങ്ങൾ അദ്ദേഹത്തിന് വന്നിരിക്കുകയാണ്. അന്ന് മൽസരിച്ച ആ ഷേണായിയെസംബന്ധിച്ച് ആലോചിക്കാൻ പോലും കഴിയാത്ത സാഹചര്യത്തിൽ അന്ന് തിരഞ്ഞെടുത്ത ആ പഞ്ചായത്തു കമ്മിറ്റികളുടെ തിരഞ്ഞെടുപ്പ് ഇപ്പോഴും നടത്താതെ മാറ്റി വച്ചിരിക്കുകയാണ്. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ശ്രീ. ജേക്കബ് സംസാരിക്കുമ്പോൾ വളരെയേറെ മനോവേദന ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. ശ്രീ ജേക്കബിന് അനുകൂലിക്കാതിരിക്കാൻ സാധിക്കുകയില്ല. കഴിഞ്ഞപ്രാവശ്യം ഈ നിയമസഭയിൽ ഇതുപോലെ ആറേഴുബില്ലുകൾ ഒന്നിച്ച് ശ്രീ. നഹാസാഹിബ് തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കണമെന്നു പറഞ്ഞുകൊണ്ട് കൊണ്ടുവന്ന അവസരത്തിൽ ഞങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. ഈ മന്ത്രിസഭയ്ക്ക് തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനും മാറ്റി വയ്ക്കാനും വേണ്ടി ഒരു പ്രത്യേക വകുപ്പ് വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. അന്ന് ശ്രീ. നഹാസാഹിബ് വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞത് ഇനി ഇതുമായി ഞാൻ വരികയില്ലെന്നാണ്. മാത്രമല്ല ഇൻഡ്യയിൽ ഒരു സ്ഥലത്തും തിരഞ്ഞെടുപ്പ് നടന്നിട്ടില്ല. ഈ ഗവൺമെൻറാണ് ആദ്യമായി തിരഞ്ഞെടുപ്പ് നടത്താൻ പോകുന്നത് എന്നും പറഞ്ഞു. എന്റെ ഓർമ്മയിൽ ബംഗാളിൽ തിരഞ്ഞെടുപ്പ് നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ത്രിപുരയിലും ആസ്സാമിലും കർണ്ണാടകയിലും തിരഞ്ഞെടുപ്പ് നടത്തിയിരിക്കുകയാണ്. തിരഞ്ഞെടുപ്പ് നടത്തിയെന്നുമാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 45 ശതമാനം വോട്ടു ബംഗാളിൽ കിട്ടിയെങ്കിൽ ഇപ്പോഴത് 70 ശതമാനമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനകം കൂടുതൽ ജനപിന്തുണ ലഭിക്കുകയും ചെയ്ത ഒരു ഗവൺമെൻറായി മാറിയിരിക്കുകയാണ് ബംഗാൾ ഗവൺമെൻറ്. ഇവിടെ 22-ാമതും തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ട് നിങ്ങൾ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. ആറും ഏഴും ബില്ലുകളും ഒന്നിച്ചാണ് കൊണ്ടുവരുന്നത്. എന്തായാലും ഒരു കാര്യം വളരെ വ്യക്തമായി മന്ത്രിയോട് പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ നിശ്ശബ്ദതയിൽ അത് വ്യക്തമായിട്ടുണ്ട്. അദ്ദേഹത്തിന് അതിനെ അധികരിച്ചുകൊണ്ട് സംസാരിക്കുവാൻ സാധിക്കുകയില്ല. മുമ്പൊരിക്കൽ ശബരിമലയുടെ കാര്യം പറഞ്ഞുകൊണ്ട് തിരഞ്ഞെടുപ്പ് മാറ്റിവച്ചു. പിന്നെ കാലാവസ്ഥയുടെ കാര്യം പറഞ്ഞു മാറ്റിവച്ചു. തിരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞു എൻ.ജി.ഒ. മാരുടെയും അദ്ധ്യാപകരുടേയും ഇലക്ട്രിസിറ്റി ജീവനക്കാരുടെയും അതുപോലെ ഇല്ലാത്ത മറ്റ് പല സമരങ്ങളുടെയും പേര് പറഞ്ഞുകൊണ്ട് മാറ്റി വയ്ക്കുകയുണ്ടായി. പല സാങ്കേതിക കാരണങ്ങളും മറ്റു പല കാരണങ്ങളും പറയും. ഇന്ന് കാരണങ്ങൾക്ക് ഡിക്ഷണറിയിൽ ഇല്ലാത്ത രണ്ട് വാക്കുകൾ അദ്ദേഹം കണ്ടുപിടിച്ചിരിക്കുകയാണ്. അതിന് പ്രത്യേകമായ നിരോധനം ഉണ്ടായിട്ടുണ്ടോയെന്ന് അറിയുകയില്ല. സാങ്കേതിക കാരണമെന്നുപറയുന്നത് എത്രയോ വളച്ച് നീട്ടാവുന്നതാണ്. ഏറ്റവും അധികം വിവരമുണ്ടെന്ന് ഞാൻ മനസ്സിലാക്കിയ പ്രൊഫസർ മത്തായ് ഈ കാര്യത്തിൽ പരാജയപ്പെടുകയാണോ ചെയ്തിട്ടുള്ളത്. തിരഞ്ഞെടുപ്പ് നീട്ടിവച്ചതിനെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞു. മറ്റ് തിരഞ്ഞെടുപ്പുകളിൽ കാണാമെന്ന് വെല്ലുവിളികൾ ഉണ്ടെങ്കിലും ഈ ചർച്ചയിൽത്തന്നെ ഭരണകക്ഷികളെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു ബില്ലുമായി വരേണ്ടിവന്ന ഗതികേടുകൊണ്ട് പല മെമ്പർമാരും നിശ്ശബ്ദരായി നിൽക്കുകയാണ്. ആദ്യം ഈ ബിൽ സർക്കുലേറ്റ് ചെയ്ത സമയത്ത് ഉള്ളതല്ല ഇപ്പോൾ ഉള്ളത്. അതിനൊരു ഭേദഗതി മന്ത്രി തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. മുമ്പ് മേയ്മാസം ആയിരുന്നുവെങ്കിൽ ഇപ്പോൾ അത് ഒക്ടോബർ എന്ന് ഭേദഗതി ചെയ്തിരിക്കുകയാണ്. ഇതിന്റെ അർത്ഥം സർക്കുലേറ്റ് ചെയ്യുന്ന സമയത്ത് ഉദ്ദേശിച്ചിരുന്ന സമയത്തും നടത്താൻ സാധിക്കുകയില്ലെന്നാണ്. ഒക്ടോബറിലേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇത് ആ സമയത്തും നടത്തുകയില്ലെന്നുള്ളത് വളരെ വ്യക്തമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയരംഗത്ത് ഊഹാപോഹങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എത്ര ആളുകൾ അങ്ങോട്ട് പോകുന്നു, ഇങ്ങോട്ട് പോകുന്നു എന്നുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നസമയത്ത് ഈ രാജ്യത്ത് ജനങ്ങളുടെ മുമ്പിൽ വയ്ക്കേണ്ട നയങ്ങളും പരിപാടികളും ഉണ്ട്. കഴിഞ്ഞപ്രാവശ്യം പാസ്സാക്കിയ കാളാശ്ശേരി ഓർഡിനൻസ് ഉണ്ട്. ആ നിയമവുമായി തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ സാധിക്കുകയില്ല. ഒരു ദിവസം പണിമുടക്കിയാൽ 60 ദിവസത്തെ വേതനം നിഷേധിക്കുന്ന ബില്ലുകൊണ്ട് തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ സാധിക്കുകയില്ല. അതുപോലെതന്നെ തൊഴിലാളികളുടെ പണിമുടക്കിനെ നിരോധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ബില്ലുമായി നിങ്ങൾക്ക് ഈ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ കഴിയുകയില്ല. സി.പി.ഐ. സുഹൃത്തുക്കൾപോലും രണ്ട് ദിവസം മുമ്പ് പോലീസ് മർദ്ദനത്തിൽ പ്രതിഷേധം രേഖപ്പെടുത്തേണ്ടതായി വന്നിരിക്കുകയാണ്. ഓരോ രംഗം പരിശോധിച്ചുനോക്കിയാലും കാണാവുന്ന സ്ഥിതി വച്ചുകൊണ്ട് തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കാത്ത ചുറ്റുപാട് ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഒരു മാറ്റിവയ്ക്കൽ, നീട്ടിവയ്ക്കൽ വകുപ്പ് അടിയന്തിരമായി ഏർപ്പെടുത്തിക്കൊണ്ട് രക്ഷപ്പെടാൻ ശ്രമിക്കുന്നതായിരിക്കും നല്ലതെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ഇട്ടൂപ്പ്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ചു നടന്ന ചർച്ചകളും കേട്ടപ്പോൾ 'പാവം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന കാരണമാണ് ഈ ബില്ല് കൊണ്ടുവരാനുള്ള സാങ്കേതികമായ കാരണം എന്ന് എനിക്ക് മനസ്സിലായി. പ്രതിപക്ഷത്തിരിക്കുന്നവർ 1967—ൽ ഒരു തിരഞ്ഞെടുപ്പു നീട്ടിയെന്നുള്ളതിന്റെ പേരിൽ, അങ്ങനെ പാപം ചെയ്തവരാണ് മറുഭാഗത്തിരിക്കുന്നവർ അതുകൊണ്ട് ഞങ്ങൾക്കു തുടർച്ചയായി പാപം ചെയ്യാൻ അധികാരമുണ്ട്. അനുവാദമുണ്ട് എന്ന നിലയിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീമാൻ ദേവസ്സിക്കുട്ടി ഇവിടെ സംസാരിച്ചപ്പോൾ മറുഭാഗത്തുനിന്നു സാധാരണനിലയിൽ അദ്ദേഹത്തിന്റെ എതിരാളിയെന്നു കാണിക്കുന്നതിനുവേണ്ടി നിയമപുസ്തകങ്ങളുമായി വരുന്ന ശ്രീമാൻ ജേക്കബ് ഇന്ന് ഇതരസംസ്ഥാനങ്ങളെ അന്വേഷിച്ചു പോയിട്ടില്ല. എവിടെയെല്ലാം ഏതെല്ലാം തിരഞ്ഞെടുപ്പുകൾ നീട്ടിവച്ചു എന്ന് അന്വേഷിച്ചിട്ടില്ല; ഏതെല്ലാം ഭേദഗതികൾ മറ്റു സംസ്ഥാന നിയമസഭകളിൽ കൊണ്ടുവന്നു എന്നു അന്വേഷിച്ചിട്ടില്ല. അദ്ദേഹം വളരെ വിഷമിച്ച് ബില്ലിനെ അനുകൂലിക്കുന്നുണ്ടെങ്കിലും 1980 വരെ നീട്ടിയാൽ തരക്കേടില്ല എന്നാണു പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു ഒരഭ്യർത്ഥനയുണ്ട്. ഒക്ടോബർവരെ മാറ്റാനാണ് ഇതിൽ ആവശ്യപ്പെടുന്നത്. ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നത് ഈ നിയമസഭയുടെ കാലാവധി എന്നുവരെ നിൽക്കുമോ അന്നുവരെ ഇതെല്ലാം നീട്ടിവയ്ക്കുന്ന രീതിയിൽ ഒരു ബിൽ കൊണ്ടുവന്നാൽ പിന്നെ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകുകയില്ല. ജനങ്ങളെ നേരിടേണ്ടിവരികയില്ല, തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടിവരികയില്ല. സുസ്ഥിരമായി ഈ ഭരണം ആരും തടസ്സപ്പെടുത്താതെ, ജനവിധി മാനിച്ചാലും ഇല്ലെങ്കിലും അതിനെ നേരിടാനുള്ള വൈഷമ്യങ്ങളൊന്നുമില്ലാതെ നീട്ടിക്കൊണ്ടുപോകാൻ കഴിയുമെന്നാണ്. അങ്ങനെയൊരു ബിൽ കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓരോ കൊല്ലവും ഈ സഭയുടെ സമയവും ധനവും വിനിയോഗിച്ചുകൊണ്ട് 22—ാമത്തെ പ്രാവശ്യവും കൊണ്ടുവന്ന ഈ ബില്ലിൽ തിരഞ്ഞെടുപ്പ് ഒക്ടോബറിൽ നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒക്ടോബർ കഴിയുമ്പോൾ വീണ്ടും ഓർഡിനൻസുമായി, തുടർന്നു ബില്ലുമായി ഈ നിയമസഭയെ സമീപിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് ദയവുചെയ്തു ഞാൻ നേരത്തേ പറഞ്ഞ രീതിയിൽ ഒരു ബിൽ കൊണ്ടുവരാൻ ഞാൻ ആവശ്യപ്പെടുകയാണ്. കാരണം ഇത് എല്ലാപേർക്കും ഒരു എക്സർസൈസ് പോലെ ഓരോ നിയമസഭാസമ്മേളനത്തിലും ഇത്തരത്തിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാലാവധി നീട്ടുക, കൗൺസിലർമാരുടെ കാലാവധി നീട്ടുക, ഇലക്ഷൻ നീട്ടുക ഈ രീതിയിൽ നിയമനിർമ്മാണം നിയമസഭയിൽ കൊണ്ടുവന്നു

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം സമയം അതിനുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ് അതിന് ഒരുപാധി എന്ന നിലയിൽ നിങ്ങൾക്കു ജനവിധി തേടാൻ തയ്യാറില്ലെന്നു പറഞ്ഞുകൊണ്ട്, ഈ അസംബ്ലി അവസാനിക്കുന്ന കാലംവരെ ഇത്തരം കാര്യങ്ങൾ നീട്ടിവയ്ക്കാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതായിരിക്കും കൂടുതൽ ഉത്തമം എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതിൽ എന്താണു കാരണം പറഞ്ഞിരിക്കുന്നത്? കാരണവുമില്ല, ഒന്നുമില്ല. മുനിസിപ്പാലിറ്റികളുടെ കാലാവധി നീട്ടിയതുകൊണ്ട് ഇതും നീട്ടുന്നു എന്നു പറഞ്ഞു. മുനിസിപ്പാലിറ്റികളുടെ കാലാവധി നീട്ടുന്നതിന്റെ കാരണം എന്താണ്? നാളെ നടത്തും മറന്നാൾ നടത്തും എന്നുള്ള രീതിയിൽ ഓരോസമയത്തും ഓരോ രീതിയിലുള്ള അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ട് ജനങ്ങളെ ഭയന്നുകൊണ്ട് ഏതെങ്കിലും വിധത്തിൽ കൊണ്ടുനടക്കാനുള്ള ഉപാധിയായി മാത്രമേ ജനങ്ങൾക്ക് ഇതു കാണാൻ കഴിയൂ. അതുകൊണ്ട് യാതൊരു അടിസ്ഥാനവുമില്ലാതെ ഇങ്ങനെ നീട്ടുന്ന ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ് .എതിർക്കുകയെന്നു പറയുമ്പോൾ വളരെക്കൂടുതൽ പറഞ്ഞിട്ടൊന്നും കാര്യമില്ല. സാധാരണ നാട്ടിൽപറയുന്ന ഭാഷയിൽ പറഞ്ഞാൽ ഇവർ ഒരു ഉളുക്കും ഉള്ളവരല്ല. നാണം, അഭിമാനം, ഉളുക്ക് എന്നെല്ലാം പറയുന്നതിന് തുല്യമായി വേറെ പദങ്ങളുണ്ടെങ്കിലും അതിലൊന്നുംതന്നെ അപ്പുറത്തുള്ളവർക്കു ഉണ്ടെന്നു തോന്നുന്നില്ല. അവിടെ ചില കോലങ്ങളുണ്ട്. ആ രീതിയിലുള്ള രണ്ടുമൂന്നു പ്രകടനങ്ങളും അവിടെനിന്നും അനുകൂലിച്ചുകൊണ്ടു നടന്നു. ഈ നിയമസഭാസമ്മേളനം നടക്കുന്ന എല്ലാ ഘട്ടങ്ങളിലും ഈ മാതിരിയുള്ള ചില ബില്ലുകളുമായി രംഗപ്രവേശം ചെയ്യാറുള്ളത് ഒരു നിർഭാഗ്യവാനായിരുന്നെങ്കിൽ ഇപ്രാവശ്യം അയാൾക്ക് അതിനുള്ള ഗതികേടുണ്ടായില്ല. അതു കൈകാര്യം ചെയ്യാൻ കോയാസാഹിബ്ബാണ് ഈ പ്രാവശ്യം രംഗത്തുവന്നിട്ടുള്ളത്. സർ, ഈ തിരഞ്ഞെടുപ്പു നീട്ടുന്നത് ഞങ്ങളുടെ അഭിപ്രായത്തിൽ വളരെ ശക്തിയായ പിൻബലം കൊണ്ടാണ്. പൊതുജനങ്ങളുടെ ഭയങ്കരമായ പിൻബലം ഞങ്ങൾക്കുള്ളതുകൊണ്ടാണ് അതിലാരും സംശയിക്കേണ്ട എന്നെല്ലാം വളരെ ഘനഗാംഭീര്യത്തോടുകൂടിയും ശക്തിയായും എല്ലാം ഇവിടെ പറയുന്നതുകേട്ടു. അതിലാർക്കും സംശയമില്ല. ഇപ്പുറത്തുള്ളവർക്കും നാട്ടിലുള്ളവർക്കും സംശയമില്ല. തിരുവനന്തപുരം ഈസ്റ്റു തിരഞ്ഞെടുപ്പിനുശേഷം ഇതിന്റെ പ്രഖ്യാപനം വന്നപ്പോൾ പ്രത്യേകിച്ചും സംശയമുണ്ടായില്ല. ഇനിയിപ്പോൾ മൂന്നുനാലുസ്ഥലത്തു തിരഞ്ഞെടുപ്പു നടക്കും, നടത്താൻ പോകുന്നു എന്നുള്ള പ്രഖ്യാപനങ്ങൾ വന്നിട്ടുണ്ട്. അതിനുശേഷമാണ് ഇതിൽ പറയുന്ന കാലാവധി. അപ്പോഴേയ്ക്കും എന്താകുമെന്നു കണ്ടറിയേണ്ടതു തന്നെയാണ്. ഇനിയൊരു ഹോംസെയിലായ നീട്ടലായിരിക്കും നല്ലത്. ഇടയ്ക്കിടയ്ക്കു ഇങ്ങനെകൊണ്ടുവന്ന് ഇതിനെ പിന്താങ്ങാനുള്ള ഒരു പ്രസംഗം അപ്പുറത്തുനിന്നും എതിർക്കാനുള്ള പ്രസംഗം ഇപ്പുറത്തുനിന്നും അതിന്റെയൊന്നും ആവശ്യമില്ലല്ലോ. എത്രകൊല്ലത്തെ അവധി വേണമെന്നാലോചിച്ചിട്ട് അത്രകൊല്ലത്തേയ്ക്കു ആകെ ഒരു നിയമഭേദഗതി എന്ന നിലയിൽ കൊണ്ടുവന്നു പാസ്സാക്കിയെടുക്കുന്നതായിരിക്കും നല്ലത്. സർ, ചിലകാര്യങ്ങൾക്കു ഭരണകക്ഷികൾ എന്ന നിലയിൽ പിന്തുണ കൊടുക്കേണ്ടിവരും, അതു മനസ്സിലാക്കാം. പക്ഷേ ഇതിനെക്കുറിച്ച് സംസാരിക്കുവാനുള്ള കട്ടി കൂടി കാണിക്കുന്നു എന്നു വരുമ്പോൾ പ്രധാനമായും ആലോചിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യം തന്നെയാണ്. അതിനും ന്യായീകരണം കണ്ടെത്താം. ഇതിനെയും പിന്താങ്ങാം. പക്ഷേ പിന്താങ്ങിക്കൊണ്ടു സംസാരിക്കുവാൻ ചില ആളുകൾ തയ്യാറാകുന്നു എന്നു കാണുമ്പോൾ അവരെക്കുറിച്ച് സഹതപിക്കുവാൻ മാത്രമേ കഴിയുകയുള്ളു. ഞാൻ വളരെ ദീർഘമായി സംസാരിക്കണമെന്നുദ്ദേശിക്കുന്നില്ല. ഏതായാലും ഭരണകക്ഷികളുടെ 'മഹാജനപിന്തുണ'യുടെ ഫലമായിട്ടാണ് ഈ തിരഞ്ഞെടുപ്പു നീട്ടിവച്ചതെന്ന അപ്പുറത്തുള്ള വാദഗതി അംഗീകരിച്ചുതരണമെങ്കിൽ അതും അംഗീകരിച്ചു തന്നേയ്ക്കാം. നാട്ടിലെല്ലാം അതറിയാവുന്ന കാര്യമാണ്. ജനങ്ങളുടെ വലിയ പിന്തുണയുണ്ട്. അതുകൊണ്ട് ഇങ്ങനെനീട്ടിവയ്ക്കാൻ ഇടയ്ക്കിടയ്ക്കു ജനങ്ങളുടെ പിന്തുണ ഒന്നുപരീക്ഷിക്കേണ്ട കാര്യമില്ല. വളരെ ഉറപ്പുള്ള കാര്യമാണല്ലോ പിന്തുണയുണ്ടെന്ന്. വളരെ ഉറപ്പായ ഒരു കാര്യം കൂടെക്കൂടെ പരീക്ഷിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട്, നാട്ടിലെ ജനങ്ങളുടെ പണം ദുർവ്യയം ചെയ്തു ഞങ്ങൾക്കു ജനപിന്തുണയുണ്ടെന്നു കാണിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട് ഇടയ്ക്കിടയ്ക്കു തിരഞ്ഞെടുപ്പു നടത്തേണ്ട എന്ന നിലയിലേക്കാണ് നിങ്ങൾ എത്തിയിട്ടുള്ളതെന്നു ഈ നാട്ടുകാരും ഈ സഭയിലെ ആളുകളും പറയണമെങ്കിൽ അങ്ങനെ പറയുന്നതിനു നിങ്ങൾക്കു സാധിക്കുമെന്നു ഇവിടത്തെ പ്രകടനങ്ങൾ കാണിച്ചിട്ടുണ്ട്. ഇതുമാത്രമേ എനിക്കു പറയാനുള്ളു. ഇതിൽ ശക്തിയായ എതിർപ്പു രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, എനിക്കു ഈ ബില്ലിനെ അനുകൂലിക്കുവാൻ നിവൃത്തിയില്ല. അനുകൂലിച്ചില്ലെങ്കിലും ഈ ബിൽ പാസ്സാകുമെന്നും എനിക്കറിയാം. പക്ഷേ പാസ്സാക്കുവാൻ ഭരണകക്ഷിയംഗങ്ങൾ തീരുമാനിക്കുമ്പോൾ അവർ ഒരാപത്തു വലിച്ചുവയ്ക്കുകയായിരിക്കും ചെയ്യുന്നതെന്നു ഓർമ്മപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. 1979 ഒക്ടോബർവരെ ഇതിന്റെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 1979 ഒക്ടോബർ ആകുമ്പോൾ എന്റെ ബഹുമാന്യനായ സി.എച്ച്. മുഹമ്മദുകോയാ സാഹിബ് അവധിയെടുത്തു മന്ത്രിസഭയിൽനിന്നും പോകാനുള്ള സന്ദർഭം ഉണ്ടാകുമെന്നാണ് എനിക്കു അവരെ ഓർമ്മപ്പെടുത്താനുള്ളത്. കഴിഞ്ഞനിയമസഭാസമ്മേളനത്തിൽ അന്നത്തെ വകുപ്പു മന്ത്രിയായിരുന്ന നഹ സാഹിബ് ഈ നിയമസഭയിൽ വളരെ ശക്തിയായ ഭാഷയിൽ പറഞ്ഞു, യാതൊരു കാരണവശാലും ഇനിയും ഇതിന്റെ കാലാവധി നീട്ടാനുള്ള ബില്ലുമായി ഈ നിയമസഭയെ സമീപിക്കുകയില്ലെന്ന്. പക്ഷേ ആ ഉറപ്പു പാലിക്കുവാനുള്ള കഴിവില്ലായ്മ അദ്ദേഹത്തിനുണ്ടായി. ആ പരിതഃസ്ഥിതിയിൽ പലപ്രാവശ്യവും ഹജ്ജ് ചെയ്തിട്ടുള്ള ഒരാളെന്നുള്ള നിലയിൽ അദ്ദേഹം ചെയ്ത സത്യം പാലിക്കുവാൻ നിർബന്ധിതനായി മന്ത്രിസഭയിൽനിന്നും അവധിയെടുത്തു പുറത്തുപോകേണ്ടിവന്നു എന്നാണ്, ഞാൻ പറയുന്നതല്ല, ഈ രാജ്യത്തെ പൊതുജനങ്ങൾ പറയുന്നത്. അതുശരിയാണെങ്കിൽ ഇന്നു ബഹുമാനപ്പെട്ട കോയാസാഹിബ് അത്ര ശക്തിയായ ഉറപ്പൊന്നും നൽകരുതെന്നാണ് എനിക്കു അപേക്ഷിക്കുവാനുള്ളത്. വീണ്ടും അവധിയെടുത്തു പോകേണ്ട പരിതഃസ്ഥിതി ഉണ്ടാകരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്.

ഇതിനുമുമ്പ് പലപ്രാവശ്യം ഈ ബില്ല് അവതരിപ്പിച്ചു. പലപ്രാവശ്യം മുനിസിപ്പൽ കൗൺസിലിലെ തിരഞ്ഞെടുപ്പിന്റെ കാലാവധി നീട്ടി. ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞതുപോലെ തിരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നീട്ടിവയ്ക്കാൻ കാരണമൊന്നും വേണ്ട. ഒരു കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. പല പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതാണ്. മുനിസിപ്പാലിറ്റി ആക്ടിൽ കുറെ പോരായ്മകളുണ്ട്. ആ ആക്ടിലെ പോരായ്മകളും പരിഹരിക്കാൻ ശ്രമിക്കണം. മുനിസിപ്പാലിറ്റീസ് ആക്ട് നടപ്പിലാക്കാൻ പരിശ്രമിക്കണം. അത് നടപ്പാക്കുന്നില്ലെന്നുള്ളത് ഖേദകരമാണ്. നീട്ടിവയ്ക്കുന്ന സന്ദർഭത്തിലെങ്കിലും മുനിസിപ്പാലിറ്റി ആക്ടിലുള്ള പോരായ്മകളും പരിഹരിക്കാനുള്ള പരിശ്രമം ബഹുമാനപ്പെട്ട മന്ത്രി നടത്തണം. ഈ ആക്ടിൽ വളരെയധികം പോരായ്മകളുണ്ട്. ആ പോരായ്മകളും പരിഹരിക്കാനുള്ള പരിശ്രമം ഗവൺമെന്റ് നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ.ജെ. ജോർജ്: നമ്മുടെ തദ്ദേശസ്വയംഭരണ മന്ത്രിയായിരുന്ന ശ്രീ. അവുക്കാദർകുട്ടിനഹ ഇന്ന് ഈ സഭയിൽ ഇല്ല. കഴിഞ്ഞ ജൂലൈ മാസത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി നീട്ടിവയ്ക്കുന്നതിന്റെ ഓർഡിനൻസ് ബില്ല് ആക്കുന്നതിന്റെ ചർച്ചയിൽ ഞാൻ ഒരു വസ്തുത ചൂണ്ടിക്കാണിക്കുകയുണ്ടായി. നഹസാഹിബിനു ആ വകുപ്പിന്റെ ചാർജുള്ളകാലത്തോളം തിരഞ്ഞെടുപ്പു നഹി എന്നു ഞാൻ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്തുതന്നെ വീണ്ടും തെരഞ്ഞെടുപ്പു നീട്ടിവയ്ക്കുകയും ചെയ്തു. കഴിഞ്ഞ ജൂലൈ മാസത്തിൽ മുസ്ലീംലീഗിലെ ഒരു പ്രമുഖ എം.എൽ.എ. ഒരു കാരണവശാലും ഞങ്ങൾ ഈ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കുകയില്ലെന്ന് എന്നോടു പറയുകയുണ്ടായി. അങ്ങനെയൊരു തീരുമാനം ഉണ്ടായാൽ ഈ മന്ത്രിസഭയിൽനിന്ന് ഞങ്ങൾ മാറിനിൽക്കുമെന്നുവരെ വാദംവച്ച ചില എം. എൽ. എ: മാർ ഉണ്ടായിരുന്നു. പക്ഷേ അദ്ദേഹം ഇന്നും ഈ അസംബ്ലിയിൽ ഉണ്ട്. നമ്മുടെ തദ്ദേശസ്വയംഭരണവകുപ്പിന്റെ മന്ത്രിയായിരുന്ന നഹാസാഹിബ് പറഞ്ഞത് ഞാൻ നിങ്ങളുടെ മുമ്പിൽ ഇനി ഒറ്റപ്രാവശ്യംപോലും തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നതിനുവേണ്ടിയുള്ള അംഗീകാരത്തിന് വരികയില്ലെന്നാണ്. അദ്ദേഹം പറഞ്ഞ കാര്യം നടപ്പാക്കിയിട്ടുണ്ട്. ലീവ് എടുത്തിട്ടാണെങ്കിൽതന്നെ അദ്ദേഹം ആ ബില്ലുമായി ഈ സഭയെ സമീപിച്ചില്ല. അതിൽ എനിക്ക് സന്തോഷമുണ്ട്. ആ വാക്ക് എങ്കിലും നടപ്പാക്കിയതിൽ അദ്ദേഹത്തോട് നന്ദിയുമുണ്ട്. ഏതായാലും കോയാസാഹിബ് ഇന്ന് അത് ഏറെറടുത്തിരിക്കുകയാണ്. ഈ പാപഭാരം ഏൽക്കേണ്ടതുണ്ടായിരുന്നോയെന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. 1968 ഏപ്രിൽ മാസത്തിലാണ് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്നത്. പതിനൊന്ന് കൊല്ലം തികയാൻ പോവുകയാണ്. അതിനകം ഇവിടെ പലപ്രാവശ്യം നീട്ടിവയ്ക്കൽ പ്രസ്താനം നടന്നു. ആ നീട്ടിവയ്ക്കലിനൊന്നും എനിക്ക് അനുകൂലിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടായില്ല. ഇന്ന് അനുകൂലിക്കുന്ന ഭരണകക്ഷിക്കാർ അവരുടെ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ ബില്ലിനെ അനുകൂലിക്കുന്നതെന്ന് നമുക്കറിയാം. എന്തിന് അനുകൂലിക്കണം? ഇതിന്ന് ന്യായം എന്താണ്? ഞാൻ ആലോചിച്ചു നോക്കിയിട്ട് എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. രാഷ്ട്രീയമായ കാരണങ്ങളാൽ സൗകര്യമുള്ളപ്പോൾ തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി നീട്ടിവയ്ക്കുകയെന്നുള്ളതിൽകവിഞ്ഞ് യാതൊരു കാരണവും ഇന്ന് ഈ മന്ത്രിസഭയ്ക്കുപോലും പറയാനില്ല. ജനങ്ങളെ കബളിപ്പിക്കുക, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക, ജനങ്ങളെ സത്യത്തിൽനിന്ന് വഴിമാറാനുള്ള അവസരം സൃഷ്ടിക്കുക എന്നിങ്ങനെയുള്ള പരിപാടികളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഭരണകക്ഷിക്കാർ വയ്ക്കുന്നത്. 1968–ൽ തിരഞ്ഞെടുപ്പ് നടത്തിയതും അന്നത്തെ മന്ത്രിസഭയായിരുന്നു. അതിന്റെ പങ്ക് ഞങ്ങളെ സംബന്ധിച്ചിടത്തോളമില്ലെങ്കിലും അന്ന് പങ്ക് പറ്റിയ പലരും ഇന്ന് ഭരണ കക്ഷിയിലുണ്ട്. ഒന്നുപറഞ്ഞാൽ നിങ്ങളുടെ കാലത്ത് നടത്തിയില്ലേയെന്നുള്ള ചോദ്യവുമായാണ് മുന്നോട്ടുവരുന്നത്. അതിന് എത്ര ആത്മാർത്ഥതയുണ്ടെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ മുന്നണി ഉണ്ടാക്കി. ആ ആളുകൾതന്നെ വീണ്ടും ഈ കാര്യവുമായി മുന്നോട്ടുവരുമ്പോൾ അതിനെ എതിർക്കാതിരിക്കാൻ സാധിക്കുകയില്ല. പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ എന്നു പറയുന്നത് നമ്മുടെ ഭരണസംവിധാനത്തിൽ ഏറ്റവും അടിത്തട്ടിലുള്ള ഘടകങ്ങളാണ്. അടിത്തട്ടിലുള്ള ഘടകങ്ങളെ ഇത്രയും വ്യഭ്യചരിക്കുന്നതിന് ഭരണമുന്നണിക്ക് സാധിക്കുമെങ്കിൽ മറ്റ് കാര്യങ്ങളിലെല്ലാം എന്തു ചെയ്യുമെന്ന് ചിന്തിക്കാവുന്നതാണ്. മുൻ മുഖ്യമന്ത്രിയായിരുന്ന എന്റെ നാട്ടുകാരനായിരുന്ന ശ്രീ. അച്യുതമേനോന്റെ കാലത്തു തൊട്ടു തുടങ്ങിയ ഈ പ്രതിഭാസം ഇന്നും നടന്നുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിനെ നഖശിഖാന്തം എതിർക്കുകയെന്നുള്ളതാണ് എന്റെ ലക്ഷ്യം. ഞാൻ ഇത് പറയുന്നത് മുനിസിപ്പാലിറ്റി കൗൺസിൽ മെമ്പർ എന്നുള്ള ഓർമ്മവച്ചുകൊണ്ടുതന്നെയാണ്. പതിനൊന്നുകൊല്ലംമുമ്പ് തിരഞ്ഞെടുക്കപ്പെട്ട ഞാൻ ഇന്നും കൗൺസിലറായി തുടരുന്നുണ്ടെങ്കിൽ ഭരണകക്ഷിക്കാരുടെ നിരുത്തരവാദപരമായ പെരുമാറ്റം കൊണ്ടാണ്, അടിസ്ഥാനരഹിതമായ പ്രവർത്തനംകൊണ്ടുമാത്രമാണ്. അതുകൊണ്ട് ജനാധിപത്യസംവിധാനത്തിൽ ഏറ്റവും അടിത്തട്ടിലുള്ള ഈ ഘടകങ്ങൾക്കു പ്രചോദനവും പ്രോൽസാഹനവും ഉണ്ടാകണമെങ്കിൽ മന്ത്രിസഭ ഇവിടെനിന്ന് പോയേ പറ്റൂ. എന്നാൽ മാത്രമേ ഈ തിരഞ്ഞെടുപ്പു നടക്കുകയുള്ളൂ; അശോക് മേത്താ കമ്മിറ്റിയുടെ മുമ്പിൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ തിരഞ്ഞെടുപ്പു നടത്താമെന്ന് വാഗ്ദാനം ചെയ്തു. അത് നടത്തിയില്ലെന്നു മാത്രമല്ല വീണ്ടും വീണ്ടും ഞങ്ങളുടെ മുമ്പിൽ ബില്ല് കൊണ്ടുവരുന്നു. ഇത് ഒരു ആയുഷ്ക്കാലബില്ലാക്കി വളർത്തിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്നാൽ ജനങ്ങൾക്ക് വോട്ട് ചെയ്യാൻ സാധിക്കുകയില്ലെന്ന് ബോധ്യമാവുകയും അതിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുകയില്ല. അങ്ങനെയൊരുബില്ല് കൊണ്ടുവന്ന് അവസാനിപ്പിക്കുകയാണ് നല്ലത്. ഈ ബില്ലിനെ നഖശിഖാന്തം എതിർക്കുന്നു. ഏത് സാഹചര്യത്തിലും ഇത് പാസ്സാക്കിയെടുക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി.ബി.ആർ. പിള്ള: സർ, ഞാൻ ഈ ബില്ലിനെ വളരെ ശക്തിയായി എതിർക്കുന്നു. അപ്പുറത്തിരിക്കുന്ന ആളുകളുടെ മുഖത്തു നോക്കിയപ്പോൾ ചില പെണ്ണുപെറ്റ വീട്ടിലെ ആളുകളെപ്പോലെയാണ് കാണുന്നത്. എന്തു ബിൽ വന്നാലും ചാടികയറി കുറേ മണിക്കൂർ സമയമെടുത്തു വിപ്ലവം പ്രസംഗിക്കുന്ന അപ്പുറത്തെ വീരൻമാരാരും ഈ ബില്ലിനെക്കുറിച്ച് ഒരക്ഷരംപോലും പറയുന്നില്ല. ആകപ്പാടെ താടിയിൽ കയ്യുംകൊടുത്ത് വിരസമട്ടിൽ ഇരിക്കുന്ന കാഴ്ച കണ്ടാൽ പതിനൊന്നാമത്തെ പ്രാവശ്യവും പെൺകുട്ടിയെ പ്രസവിച്ച വീട്ടിലെ ആളുകൾ ഇരിക്കുന്ന മാതിരിയുള്ള കാഴ്ചയാണ് കാണാൻ കഴിയുന്നത്.

ശ്രീ. എം.വി. രാഘവൻ: പെൺകുട്ടിയെ പ്രസവിക്കുന്നത് അപകടകരമാണെന്ന ധാരണ എങ്ങനെ വന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ബി.ആർ. പിള്ള: , അങ്ങനെയൊരു വയ്പുണ്ട്. കേരളാ കോൺഗ്രസിലെ രണ്ടു വ്യക്തികളും അവർ മാത്രമാണ് ഇവിടെ സംസാരിച്ചത്. തങ്ങളുടെ തൊലിക്കട്ടിയുടെ അളവ് പ്രകടിപ്പിച്ചു എന്നുള്ളതിൽ കവിഞ്ഞ് കേവലം ശാന്തമായ സാഹചര്യത്തിൽ ദുഃഖം പ്രകടിപ്പിക്കുന്ന അന്തരീക്ഷത്തിൽ അപ്പുറത്തുള്ളവരെ നോക്കി ഞാൻ അധികം സംസാരിക്കുന്നില്ല, എന്റെ നേരെ ഇരിക്കുന്ന ഇപ്പോഴത്തെ വകുപ്പുമന്ത്രിയായ ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ മുഖത്തുനോക്കി എനിക്ക് പറയാനുള്ളത്, ഈ ബിൽ ഇവിടെ അവതരിപ്പിച്ച നിങ്ങളും ഏറ്റവും കടുത്ത ക്രിമിനൽ കുറ്റം ചെയ്തിരിക്കുന്നു എന്നാണ്. അതിനു കാരണമുണ്ട്. ഈ തിരഞ്ഞെടുപ്പ് എപ്പോഴും നടത്തും, അതിനുള്ള ക്രമീകരണങ്ങളും എന്തൊക്കെയായി എന്നൊന്നും വ്യക്തമായി പറയുന്നില്ല. ആകെ ചെയ്തിട്ടുള്ളത് അതിനുള്ള ഇലക്ടോറൽ റോൾ തയ്യാറാക്കിയതുമാത്രമാണ്. സർ, ഞാൻ ഒന്നു ചോദിക്കട്ടെ പഞ്ചായത്തുതൊട്ട് മുൻസിപ്പൽ കോർപ്പറേഷൻവരെയുള്ള തിരഞ്ഞെടുപ്പിനു ക്രമീകരണങ്ങൾക്കുവേണ്ടിയിട്ട് നിങ്ങൾ ഓരോ പ്രാവശ്യവും ഓരോ വർഷവും എത്രലക്ഷം രൂപ, സർക്കാർ പണം ധൂർത്തടിച്ചിരിക്കുന്നു. അനാവശ്യമായി വിനിയോഗിച്ചിരിക്കുന്നു. ഇതു നടപ്പാക്കുകയില്ലെന്നു വന്നാൽ ഈ പണം ധൂർത്തടിച്ചതിന് ആരാണ് ഉത്തരവാദി? ജനാവിലെ പണമാണ് നിങ്ങൾ ദുർവിനിയോഗം ചെയ്തു ധൂർത്തടിക്കുന്നത്. ഈ രാജ്യത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട പണമാണ് തിരഞ്ഞെടുപ്പു നടത്താൻ പോകുന്നു എന്ന പ്രഹസനം കാണിച്ചുകൊണ്ട് ധൂർത്തടിക്കുന്നത്. എത്ര ഉദ്യോഗസ്ഥർമാരെ തിരഞ്ഞെടുപ്പിനുവേണ്ടി പോസ്റ്റു ചെയ്തു? പ്രിന്റിംഗ് പൈറത്തിനുവേണ്ടി എത്ര ലക്ഷം രൂപ പഞ്ചായത്ത് മുൻസിപ്പൽ തിരഞ്ഞെടുപ്പിന്റെ പേരിൽ ചെലവാക്കി? എന്നിട്ട് തിരഞ്ഞെടുപ്പു നടത്തുമോ? നടത്തുകയില്ല. ഇങ്ങനെ തിരഞ്ഞെടുപ്പു നീട്ടി നീട്ടി പൊതുമുതൽ ധൂർത്തടിക്കുന്ന ക്രിമിനൽ കുറ്റം ഈ ഗവൺമെന്റ് നിരന്തരമായി ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ഈ ബില്ലിനെ എതിർത്തുകൊണ്ട് വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ മേലിൽ ഇതു ആവർത്തിക്കരുത്. എപ്പോഴും തിരഞ്ഞെടുപ്പു നടത്താൻ സാധിക്കുമെന്നു തുറന്ന മനസ്ഥിതിയോടുകൂടി സത്യസന്ധമായി സഭയെ അറിയിക്കണം.

ശ്രീ. പി.കെ. ശ്രീനിവാസൻ: ജനതാപാർട്ടിയുടെ സംഘടനാ തിരഞ്ഞെടുപ്പിൽ കുഴപ്പം കാണിച്ചിരിക്കുന്നു എന്നും അതുകൊണ്ട് തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കണമെന്നും കാണിച്ച് കേന്ദ്രത്തിന് നിങ്ങളുടെ ആളുകൾ കമ്പിയടിച്ചിരിക്കുകയല്ലേ?

ശ്രീ. പി.ബി.ആർ. പിള്ള: ജനതാപാർട്ടിയുടെ പ്രാഥമികമായ തിരഞ്ഞെടുപ്പു നടന്നു. ഒരു പാർട്ടിയുടെ സംഘടനാ തിരഞ്ഞെടുപ്പും പഞ്ചായത്തുതിരഞ്ഞെടുപ്പും ഒരുപോലെ കാണുന്ന നിങ്ങളുടെ തൊലിക്കട്ടിയേക്കാരം തന്നെ. പഞ്ചായത്തു മുൻസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കുന്നതും ഒരു രാഷ്ട്രീയ പാർട്ടിയുടെ സംഘടനാ തിരഞ്ഞെടുപ്പും തമ്മിൽ താരതമ്യപഠനം നിങ്ങൾ നടത്തുന്നത് നിങ്ങളുടെ രാഷ്ട്രീയാധഃപതനത്തിന്റെ പ്രകടമായ തെളിവായി മാത്രമേ കാണാൻ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട മെമ്പർ ഇത്തരം ബാലിശമായ ആരോപണങ്ങൾ കൊണ്ടുവരുന്നത് മോശമാണ്. നിങ്ങളുടെ ഇത്തരത്തിലുള്ള ജനാധിപത്യ ധ്വംസനത്തിനേറെയും ജനാധിപത്യ വിരുദ്ധ നടപടി

LIBRARY ARCHIVES Kerala Legislative Assembly

കളുടെയും പ്രകടമായ തെളിവിനെ മാറ്റി മൂടിവയ്ക്കാൻവേണ്ടി, മാച്ചുകള യാൻവേണ്ടി, ശ്രമിക്കുന്നത് വെറും അവിവേകത്തിന്റെ ലക്ഷണമായി മാത്രമേ കാണാൻ സാധിക്കുകയുള്ളു. എനിക്ക് പറയാനുള്ളത്, നിങ്ങൾക്ക് എന്ന് ഈ തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കും? അതുവരെ ഈ സഭ അനുവദം തരാൻ തയ്യാറാണ്. നിങ്ങൾ ഇങ്ങനെ നീട്ടി നീട്ടി കൊണ്ടുപോകരുത്. സർക്കാർ പണം ഇങ്ങനെ ദുർവിനിയോഗം ചെയ്യരുത്. ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ, ഏജന്റ്രോൾ റോൾ തയ്യാറാക്കാൻ, ഫാറങ്ങൾ അച്ചടിക്കാൻ ഇതിനൊന്നിനുംതന്നെ പണം ദുർവിനിയോഗം ചെയ്യാതെ നിങ്ങൾക്ക് തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കുന്ന സമയം വ്യക്തമായി മനസ്സാക്ഷിയോടുകൂടി സത്യസന്ധമായി ആവശ്യപ്പെടുക, അതുവരെ സമയം അനുവദിക്കാം. അല്ലാതെ ഇങ്ങനെ നീട്ടിനീട്ടി കൊണ്ടുപോകുന്നത് ശരിയല്ല. 20 പ്രാവശ്യം പഞ്ചായത്തുതിരഞ്ഞെടുപ്പു നീട്ടി. 1967 തൊട്ട് ഉണ്ടായ രോഗമാണ് എന്ന് ശ്രീ. T.M. ജേക്കബ്ബ് പറഞ്ഞു. 1969-ൽ മുൻസിപ്പൽ കാർപ്പറേഷൻ ഇലക്ഷൻ നടത്തി. 1969-നുശേഷം ശ്രീ. ജേക്കബ്ബിന്റെ കക്ഷി ഭാഗികമായും പൂർണ്ണമായും പിൻതുണ നൽകിയിട്ടുള്ള പങ്കാളിയായിട്ടുള്ള ഗവൺമെന്റാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇന്നു 1979 ആണ്. പത്തു വർഷം കഴിഞ്ഞു. എന്തുകൊണ്ട് മുൻസിപ്പൽ തിരഞ്ഞെടുപ്പു നടത്തുന്നില്ല? ആരാണ് ഉത്തരവാദി? പ്രതിപക്ഷം എതിർക്കുന്നുവോ? ഈ രാജ്യത്തെ ഗവൺമെന്റിന് ജനപിൻതുണയുണ്ടെന്ന് വീമ്പടിച്ചാൽപോരാ, അതു പ്രകടിപ്പിക്കാനുള്ള സന്ദർഭം ഇത്തരം പ്രാദേശികമായ തിരഞ്ഞെടുപ്പുകളാണ് നടത്തുകയാണ്. അതുകൊണ്ട് ഈ തിരഞ്ഞെടുപ്പുകളെ ഇങ്ങനെ നീട്ടിവച്ചുകൊണ്ടുപോയി ഈ രാജ്യത്തെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കരുത്, ലോക്കൽ ബോഡികളിൽകൂടിയാണ് ഈ രാജ്യത്തെ വികസന പ്രവർത്തനങ്ങൾ നടക്കേണ്ടത്. ഏതെങ്കിലും പഞ്ചായത്തിലോ മുൻസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ അർഹിക്കുന്ന പ്രാദേശികമായ വികസന പ്രവർത്തനങ്ങൾ എന്തെങ്കിലും ഇന്നു നടക്കുന്നുണ്ടോ? മുൻസിപ്പാലിറ്റികളിലായാലും കോർപ്പറേഷനുകളിലായാലും പഞ്ചായത്തുകളിലായാലും തികച്ചും നിർജ്ജീവമാണ്, എന്നുവരെ പ്രവർത്തിക്കാൻ സാധിക്കും, എന്തിന് പ്രവർത്തിക്കണം, എന്നു തിരഞ്ഞെടുപ്പുവരും, കാലാഹരണപ്പെട്ട ഞങ്ങൾ എന്താണ് ചെയ്യേണ്ടത് എന്നുള്ള സംശയത്തിൽ ഒരു സ്ഥലത്തും യാതൊരു പ്രവർത്തനവും നടക്കുന്നില്ല. അങ്ങനെയുള്ള സ്ഥാപനങ്ങളെ ഇനിയും നിലനിറുത്താൻ ആഗ്രഹിക്കുന്നത് അത് ഈ രാജ്യത്തോട് ചെയ്യുന്ന ഏറ്റവും വലിയ കടുത്ത വഞ്ചനയായിരിക്കും. അത് എത്രയും വേഗം അവസാനിപ്പിക്കണം. പഞ്ചായത്തു തിരഞ്ഞെടുപ്പു നീട്ടുകയില്ലെന്നു ഉറച്ചു പറയണം. കഴിഞ്ഞ പ്രാവശ്യം ശ്രീ. അവുക്കാദർകുട്ടി നഹ എന്റെ ചോദ്യത്തിനു മറുപടിയായി പറഞ്ഞു യാതൊരു കാരണവശാലും തിരഞ്ഞെടുപ്പു നീട്ടുകയില്ല, നീട്ടിവയ്ക്കാൻ ഇടയാകുകയില്ലെന്ന്. ഞാൻ ചോദിച്ചു അടുത്ത പ്രാവശ്യം നിങ്ങൾ നീട്ടിവയ്ക്കുകയാണെങ്കിൽ രാജിവയ്ക്കാൻതയ്യാറാണോ എന്ന്. രാജിവയ്ക്കാൻ തയ്യാറായില്ലെങ്കിലും അദ്ദേഹം സ്ഥലത്തില്ല. ഞാൻ സി.എച്ച്. മുഹമ്മദുകോയയോട് ചോദിക്കുകയാണ്, അടുത്ത പ്രാവശ്യം തിരഞ്ഞെടുപ്പു നടത്തിയില്ലെങ്കിൽ നിങ്ങൾ രാജിവയ്ക്കാൻ തയ്യാറാകുമോ എന്ന്. അടുത്ത പ്രാവശ്യം സി. എച്ച്. മുഹമ്മദുകോയ കാണുമോ ഇല്ലയോ എന്നു സംശയമാണ്. ഏതായാലും ഈ പ്രവണത അവസാനിപ്പിച്ചുകൊണ്ട് പഞ്ചായത്തു മുൻസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പുകൾ നടത്താൻ വേണ്ടിയുള്ള മര്യാദ നിങ്ങൾ കാണിക്കണം. കണ്ടാൽ സി.പിള്ളൻമാരാണ്,

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു കുഴപ്പവുമില്ല. കയ്യിലിരിക്കുന്ന ഏർപ്പാട് ഇതാണ്. ജനാധിപത്യത്തെപ്പറ്റിയും അധികാര വികേന്ദ്രീകരണത്തെപ്പറ്റിയും പ്രസംഗിക്കാൻ തുടങ്ങിയാൽ ഇവിടെ നിൽക്കുമോ. പഞ്ചായത്തു തിരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതാണ് നിങ്ങളുടെ തൊലിക്കട്ടി. അതുകൊണ്ട് നിങ്ങളുടെ ഈ പ്രസംഗങ്ങൾ ഒന്നു കുറച്ചിട്ട് ഈ തിരഞ്ഞെടുപ്പുകൾ എന്നു നടത്തുമെന്നു പ്രഖ്യാപിക്കുക, അതിലേക്കുള്ള സംവിധാനത്തിലേക്ക് നീങ്ങണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. കെ.ജെ. ചാക്കോ: സർ, മുസ്ലീംലീഗിലെ ഒരു ബഹുമാനപ്പെട്ട മെമ്പറും കേരളാകോൺഗ്രസ്സിലെ ശ്രീ. ടി.എം. ജേക്കബ്ബും ഇവിടെ സംസാരിച്ച അവസരത്തിൽ ഈ മുൻസിപ്പൽ പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ അനിവാര്യമായ കാരണങ്ങളാൽ മാറ്റിവച്ചു എന്നും അതുപോലെ സാങ്കേതികമായ കാരണങ്ങളാൽ മാറ്റിവച്ചു എന്നും പറഞ്ഞപ്പോൾ അപ്പുറത്തിരിക്കുന്ന പല മെമ്പറൻമാരും പുച്ഛരസത്തിൽ ചിരിക്കുന്നതു കേൾക്കുകയുണ്ടായി. ശ്രീ. പി. ബി. ആർ. പിള്ള ചിരിക്കുന്നതിൽ എനിക്ക് പരാതിയില്ല, ശ്രീ. എ.പി. കുര്യൻ ചിരിക്കുന്നതിലും എനിക്ക് പരാതിയില്ല. പക്ഷേ അപ്പുറത്തിരിക്കുന്ന എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. ദേവസ്സിക്കുട്ടി അതേപ്പറ്റി പുച്ഛത്തോടെ പരാമർശിച്ചതിൽ എനിക്ക് വളരെ ഖേദമുണ്ട്. കാരണം 1970–77 കാലഘട്ടത്തിൽ ഈമാതിരിയുള്ള ബില്ലുകൾ പലപ്രാവശ്യം വന്നപ്പോൾ ഇവിടെ ഇപ്പോൾ ശ്രീ. സിറിയക് ജോൺ ഇരിക്കുന്ന സീറ്റിൽ ഇരുന്നുകൊണ്ട് ശ്രീമാൻ ദേവസ്സിക്കുട്ടി രണ്ട് കയ്യും പൊക്കി ആ ബില്ലുകളെ സ്വാഗതം ചെയ്യുന്നതും അനുകൂലിച്ചുകൊണ്ട് പ്രസംഗിച്ചിട്ടുള്ളതുമായ കാഴ്ച ഞാൻ കണ്ടിട്ടുള്ളതാണ്. അതുകൊണ്ട് ഇപ്പോൾ അങ്ങേഭാഗത്തിരുന്നുകൊണ്ട് ദേവസ്സിക്കുട്ടി ധർമ്മരോക്ഷം മുഴക്കുമ്പോൾ ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം ഓർമ്മശക്തിയുള്ള കുറെ ആളുകൾ ഈ സഭയിൽ ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കരുതെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. പല കാരണങ്ങൾ കൊണ്ടും തെരഞ്ഞെടുപ്പ് മാറ്റിവച്ചു, പല കാലത്തും മാറ്റി വച്ചിട്ടുണ്ട്. ഇതു ഞാൻ ന്യായീകരിക്കാൻ പറയുകയല്ല. ഒക്ടോബറിൽ തെരഞ്ഞെടുപ്പു നടത്തുമെന്നുള്ള ഒരു പ്രഖ്യാപനം ഒരു ഭേദഗതിയിൽകൂടി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. എങ്കിലും കുറെയധികം വെള്ളം പാലത്തിനടിയിൽക്കൂടി ഒഴുകിപ്പോയതിനുശേഷം ഡിസ്ട്രീക്ട് അഡ്മിനിസ്ട്രേഷൻ ബിൽ പാസ്സാക്കിയതിനുശേഷം ചില തീരുമാനങ്ങളെടുത്തുകൊണ്ട് സുശക്തമായി മുന്നോട്ടുപോകുവാൻ തയ്യാറുള്ള ഗവൺമെന്റ് ചെയ്തിരിക്കുന്ന തീരുമാനത്തിൽ വലിയ സംശയത്തിനു അവകാശമില്ലെന്നാണ് എനിക്ക് അതേപ്പറ്റി പറയാനുള്ളത്.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: മനോരമയിലെ കുഞ്ഞുക്കുറുപ്പിന്റെ അഭിപ്രായം വായിച്ചോ?

ശ്രീ. കെ.ജെ. ചാക്കോ: കുഞ്ഞുക്കുറുപ്പ് ശക്തിയായി പറഞ്ഞിരിക്കുന്നത് തീരുമാനമെടുത്തു കഴിഞ്ഞാൽ ആ തീരുമാനത്തിനനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തണമെന്നുള്ള കാര്യമാണ്. ഏതായാലും ഇവിടെ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ കാലാവധി ദീർഘിപ്പിക്കാതിരിക്കുന്ന മന്ത്രിസഭയേയും ഗവൺമെന്റിനേയും മുക്തകണ്ഠം ഞാൻ അഭിനന്ദിക്കുകയാണ്. ശ്രീ. എൻ. ഭാസ്കരൻ നായർ അവിടെ നടന്നു എന്നു പറയപ്പെടുന്ന, വക്കീൽ ഭാഷയിൽ പറയപ്പെടുന്നു എന്നു പറയുന്ന രീതിയിൽ ചില അഴിമതികളെപ്പറ്റി സംസാരിക്കുകയുണ്ടായി. വളരെ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി അവിടെ അഴിമതി നടന്നു എന്നും അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത് അനാവശ്യമാണെന്നും കണ്ടുകൊണ്ട് ആ രീതിയിൽ ഗവൺമെന്റ് എടുത്ത തീരുമാനത്തെ ഞാൻ സഹർഷം സ്വാഗതം ചെയ്യുകയാണ്. ഒരു കാര്യം എനിക്ക് മന്ത്രിയോട് പറയാനുള്ളത്, ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയിൽ ഇന്നു ഒരു കൗൺസിൽ ഇല്ല. അതിന്റെ ഭരണം ഇപ്പോൾ നടത്തികൊണ്ടിരിക്കുന്നത് അഡ്മിനിസ് ട്രേറ്റർ എന്ന നിലയിൽ കമ്മിഷണറാണ്.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, മണി ഒന്നര കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർക്ക് നാളെ സംസാരിക്കാം.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

1979—മാർച്ച് 15—ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 നു വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.30-നു പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly